Pinker, Steven.1981.Language and Linguistics.Cambridge (UK): Cambridge University Press.

Lyons, John. 1986.Language and Linguistics- An Introduction. Cambridge Univ. Press.

Hall, Christopher, J. 2008.Introduction to Language & Linguistics. Delhi: Viva Books.

Catford, J.C. 1988 Practical Introduction to Phonetics. Clarendon press: Oxford.

**സൂചന:**

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്തപഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ1 | ഭാഷണാസ്വനം മുതൽ വാക്യതലം വരെയുള്ള ഭാഷയുടെ ഘടനയും പ്രയോഗവും സംബന്ധിച്ച സൈദ്ധാന്തികവും പ്രായോഗികവുമായ അറിവ് മലയാളത്തിന്റെ സന്ദർഭത്തിൽ വിശദമാക്കുക. | 1<br>2<br>4 | 1,2,3,5 | RE<br>UN<br>AN | F<br>C | 12 | 0 |
| സി.ഒ2 | സൈദ്ധാന്തികവും അന്തർവൈജ്ഞാനികവുമായ വീക്ഷണങ്ങളിലൂടെയും ഭാഷാപഗ്രഥനപദ്ധതികളിലൂടെയും മലയാളത്തിന്റെ വിമർശനാത്മക ഭാഷാ ഗവേഷണങ്ങൾ രൂപകൽപ്പന ചെയ്യുക. | 1<br>3 | 1,2,3,5 | RE<br>UN<br>AN<br>EV<br>CR | F<br>C<br>P | 12 | 0 |
| സി.ഒ3 | മലയാളഭാഷയുടെ പരിണാമപ്രക്രിയയും വൈവിധ്യവും സാമൂഹികസ്വത്വനിർമ്മിതിയിൽ ഉൾപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് പഠനവിധേയമാക്കി വിലയിരുത്തുക. | 2<br>3<br>4 | 1,2,3,5 | AN<br>UN<br>EV | F<br>C<br>P | 12 | 0 |
| സി.ഒ4 | സൈദ്ധാന്തികവും പ്രായോഗികവും അന്തർവൈജ്ഞാനികവുമായ ആധുനിക ഭാഷാശാസ്ത്ര വീക്ഷണങ്ങൾ/ പഠനമാതൃകകൾ മാതൃഭാഷയിൽ അവതരിപ്പിക്കുന്നതിനുള്ള നയങ്ങൾ വികസിപ്പിക്കുക. | 1<br>2<br>3<br>4 | 1,2,3,5 | AN<br>AP<br>EV | F<br>C<br>P | 12 | 0 |
| സി.ഒ5 | ഊർജിതവികസനം സാധ്യമാക്കുന്നതിനായി ഭാഷാവ്യത്യാസങ്ങൾക്കതീതമായി സാമൂഹികവും സാംസ്കാരികവുമായ ധാർമ്മികത സംരക്ഷിച്ചുകൊണ്ട് ഭാഷണ വിഭാഗങ്ങൾക്കിടയിൽ ഭരണ ഘടനാ മൂല്യങ്ങൾ സുഗമമാക്കുക. | 2<br>3<br>4 | 1,2,3,5 | AN<br>AP<br>EV<br>CR | F<br>C<br>P<br>M | 12 | 0 |
| സി.ഒ6 | ആഗോളനിലവാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാദേശികഭാഷകളിൽ നിലനിൽക്കുന്ന സാങ്കേതിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഭാഷാ സാങ്കേതിക നൈപുണി വികസിപ്പിക്കുക. | 1<br>2<br>3<br>4 | 1,2,3,5 | AN<br>AP<br>EV<br>CR | C<br>P | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| പി.ഒ | പൊതുഫലപ്രാപ്തി Programme Outcome |
| പി.എസ്. ഒ | പാഠ്യകേന്ദ്രിതഫലപ്രാപ്തി<br>(Programme Specific Outcome) |
| സി.എൽ | അറിവുതലം(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| കെ.സി | വിവരതലം (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

**സെമസ്റ്റർ – 1**

മുഖ്യവിഷയം:

MULS C 2105

# സംസ്കൃതം

(4 ക്രെഡിറ്റ്)

**പാഠ്യവിഷയഫലപ്രാപ്തി :**

CO 1 ഭാഷാപഠനം: സംസ്കൃതത്തിലെ ചില പ്രാഥമിക ഭാഷാനിയമങ്ങൾ,

CO 2 സന്ധിതല പരിചയം

CO 3 കാവ്യപരിചയം

CO 4 സംസ്കൃത നാടക പരിചയം

CO 5 പ്രാമാണിക ഗ്രന്ഥ പരിചയം

CO 6 കൂടിയാട്ട ഗ്രന്ഥ പരിചയം

**പാഠ്യവിഷയം:**

മലയാളഭാഷയിൽ സംസ്കൃതത്തിനുള്ള സ്വാധീനം പരിഗണിക്കുമ്പോൾ, സർവകലാശാലാതലത്തിൽ മലയാളം മുഖ്യവിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾ തീർച്ചയായും സംസ്കൃത ഭാഷയുടെ ഘടനാപരമായ സവിശേഷതകൾ സാമാന്യമായെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്. സംസ്കൃത സാഹിത്യത്തിന് മലയാളത്തിലുള്ള സ്വാധീനം അടുത്തറിയുവാൻ സമ്പന്നമായ സംസ്കൃത സാഹിത്യത്തിന്റെ വാതിലുകൾ തുറക്കുകയും വേണം. ഇതാണ് കേവലം പ്രാഥമികമെന്നു പറയേണ്ടുന്ന ഈ പാഠ്യപദ്ധതിയുടെ ലക്ഷ്യം.

**യൂണിറ്റ് – 1**

ഭാഷാപഠനം: സംസ്കൃതത്തിലെ ചില പ്രാഥമിക ഭാഷാനിയമങ്ങൾ, അടിസ്ഥാനഗ്രന്ഥം; ഡോ. കെ.ജി. പൗലോസ്, ലഘു സംസ്കൃതം (വള്ളത്തോൾ വിദ്യാപീഠം. ശുകപുരം, 2012; വിതരണം; നാഷണൽ ബുക്ക്സ്റ്റാൾ,കോട്ടയം)

1. പുരുഷൻ, വചനം; വർത്തമാനകാല ക്രിയാരൂപം (ലട്), പരസ്മൈപദം, ആത്മനേപദം, (ലഘുസംസ്കൃതം, പാഠം 2, പുറം 35–39)
2. വിഭക്തി, വിഭക്തിയുടെ അർത്ഥം, വിഭക്തി രൂപങ്ങൾ. (ല.സം; പാഠം , പുറം 46–51)
3. വിഭക്തി രൂപങ്ങൾ തുടർച്ച. ഇകാരാന്തം പുല്ലിംഗം“കവി' ശബ്ദം, സ്ത്രീലിംഗം"നദീ' ശബ്ദം (ല. സം; പാഠം 4, പുറം 76–77)
4. ക്രിയാരൂപങ്ങൾ–ലുട്: ഭാവികാലം (പരസ്മൈപദി), ലങ്: ഭൂതകാലം (പരസ്മൈപദി) (ല.സം; പാഠം 4, പുറം 79)
5. അവ്യയം–ക്ത്വാന്തം, ല്യബന്തം, തുമുന്നന്തം (ല.സം, പാഠം 6, പുറം 94–95); കുറെക്കൂടി ഉദാഹരണങ്ങൾ (പുറം 100)

## യൂണിറ്റ് – 2

1. സ്വരസന്ധി– (ല.സം, പാഠം 6, പുറം 117–119)
2. വ്യഞ്ജനസന്ധി (ല.സം, പാഠം 2, പുറം 130–131)
3. സമാസം –അവ്യയീഭാവസമാസം, തത് പുരുഷൻ, കർമ്മധാരയൻ, ഉപമിതസമാസം, രൂപകസമാസം, ദ്വിഗു, നഞ്ഞ്, തത് പുരുഷൻ എന്നതുവരെ. (ല.സം;പാഠം 8, പുറം 146=162)
4. ദ്വന്ദ്വ സമാസം, ബഹുവ്രീഹി സമാസം (ല.സം, പാഠം 9, പുറം 160–164)
5. സർവനാമങ്ങൾ (ല.സം, പാഠം 9, പുറം 168 )
6. പ്രകാരം "ലോട്" –ഭ്വാദി പരസ്മൈപദരൂപങ്ങൾ മാത്രം (ല.സം) പാഠം 24, പുറം 504–505)

## യൂണിറ്റ് – 3

കാവ്യം

കുമാരസംഭവം–കാളിദാസൻ, (5–ആം സർഗ്ഗം 50–84 ശ്ലോകങ്ങൾ)

## യൂണിറ്റ് – 4

നാടകം

കർണ്ണഭാരം–ഭാസൻ

## യൂണിറ്റ് – 5

സംസ്കൃത നാടകങ്ങളും കൂടിയാട്ടവും–സാമാന്യപരിചയം മാത്രം,

**സഹായകഗ്രന്ഥം:**

കൂടിയാട്ടം–അഭിനയത്തിന്റെ തുടർച്ചയും വളർച്ചയും–ഡോ, കെ, ജി. പൗലോസ് (ഇന്റർനാഷണൽ സെന്റർ ഫോർ കൂടിയാട്ടം, തൃപ്പൂണിത്തുറ)

(ലഘു സംസ്കൃതത്തിലെ ഓരോ പാഠത്തിന്റെയും ഒടുവിൽ കാണുന്ന അഭ്യാസം, പരീക്ഷ എന്നിവ ഔചിത്യം പോലെ അധ്യാപകന് വിട്ടുകളയുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യാം. വിഭക്തി രൂപങ്ങൾ, ക്രിയാ രൂപങ്ങൾ, സന്ധി, സമാസം, അവ്യയം എന്നീ വ്യാകരണ സംപ്രത്യയങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ പാഠ്യഗ്രന്ഥങ്ങളായി നിർദ്ദേശിച്ച കാവ്യം, നാടകം എന്നിവയെ ആസ്പദിച്ചായിരിക്കണം. കൂടിയാട്ടം സംബന്ധിച്ച് പരീക്ഷക്ക് ചോദ്യങ്ങൾ ആവശ്യമില്ല. എന്നാൽ, കാളിദാസകവിത, ഭാസനാടകങ്ങൾ, കൂടിയാട്ടം എന്നീവിധം വിഷയങ്ങൾ ആധാരമാക്കി വിദ്യാർത്ഥികൾ പ്രബന്ധം അവതരിപ്പിക്കുന്ന ക്ലാസ് റൂം ചർച്ചായോഗങ്ങൾ പഠനത്തിന്റെ ഭാഗമാക്കേണ്ട താണ്).

**സഹായകഗ്രന്ഥം:**

ഉണിത്തിരി എൻ.വി.പി, 2013, കാളിദാസകൃതികൾ ഒരുപഠനം , മാതൃഭൂമി

കുട്ടികൃഷ്ണമാരാർ, (വിവ.) 1944, കുമാരസംഭവം, മാരാർ സാഹിത്യപ്രകാശം

നാരായണപിഷാരടി കെ.പി, 2000, കാളിദാസ ഹൃദയം തേടി കേരള സാഹിത്യഅക്കാദമി

രാജരാജവർമ വടക്കുംകൂർ, 1964, കേരളീയ സംസ്കൃത സാഹിത്യചരിത്രം, മംഗളോദയം, തൃശ്ശൂർ.

ശ്രീമാൻ നമ്പൂതിരി, 2010, സംസ്കൃതസാഹിത്യാവലോകനം, കേരള സാഹിത്യ അക്കാദമി

സൂചനഃ

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്ത പഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ 1 | ഭാഷാപഠനം: സംസ്കൃതത്തിലെ ചില പ്രാഥമിക ഭാഷാനിയമ ങ്ങൾ, | 2 4 | 1,2 | RE UN AN | F C | *12 | 0 |
| സി.ഒ 2 | സന്ധിതലങ്ങളെ പരിചയപ്പെടുത്തുന്നു | 1 3 | P2, 3 | EV RE UN AN | F C | 12 | 0 |
| സി.ഒ 3 | സംസ്കൃതകാവ്യങ്ങളെ പരിചയപ്പെടുത്തുന്നു | 1 2 3 | 2,3, 5 | AN | C | 12 | 0 |
| സി.ഒ 4 | സംസ്കൃത നാടകങ്ങളെ പരിചയപ്പെടുത്തുന്നു | 1 3 4 | 2,4 | AN EV | C P | 12 | 0 |
| സി.ഒ 5 | ആധികാരികഗ്രന്ഥ പരിചയം | 2 3 | 3,4 | AN AP EV | C P | 12 | 0 |
| സി.ഒ 6 | കൂടിയാട്ട ഗ്രന്ഥ പരിചയം | 1 3 4 | 2,3 | AN AP EV | C | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| പി.ഒ | പൊതുഫലപ്രാപ്തി Programme Outcome |
| പി.എസ്. ഒ | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| സി.എൽ | അറിവുതലം(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| കെ.സി | വിവരതലം (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

# സെമസ്റ്റർ – 2

സെമസ്റ്റർ – 2

മുഖ്യവിഷയം:

MULS C 2206

# പ്രാചീന–മധ്യകാല കവിത

(4 ക്രെഡിറ്റ് )

**പാഠ്യവിഷയഫലപ്രാപ്തി :**

CO 1 പ്രാചീന മധ്യകാല സാഹിത്യം, മണിപ്രവാളത്തിന്റെ വളർച്ച, പാട്ടുപ്രസ്ഥാനം, കിളിപ്പാട്ടുകൃതികൾ, ആട്ടക്കഥകൾ, ആധുനിക ഗദ്യം, എഴുത്തച്ഛൻ മുതൽ കുഞ്ചൻനമ്പ്യാർ വരെ. നിയോ ക്ലാസിക് യുഗം.

CO 2 മധ്യകാലസാഹിത്യം രണ്ടാം ഘട്ടം – പ്രാചീന മധ്യകാല കവിത. കുഞ്ചൻ നമ്പ്യാർക്കുശേഷം കേരളവർമ്മവലിയകോയിത്തമ്പുരാൻ വരെ. കാല്പനികതയുടെ പ്രവണതകൾ – സൈദ്ധാന്തികവും അന്തർവൈജ്ഞാനികവുമായ വീക്ഷണങ്ങൾ, ഭാഷാപഗ്രഥന പദ്ധതികൾ .

CO 3 പാട്ടുപ്രസ്ഥാനം– ഉത്ഭവം, പരിണാമം – ഭക്തിപ്രസ്ഥാനം എഴുത്തച്ഛന്റെ സംഭാവനകൾ. മധ്യകാലമണിപ്രവാളം – പ്രാചീന ചമ്പുക്കൾ – പുനം നമ്പൂതിരി – മഴമംഗലം.

CO 4 ആട്ടക്കഥയും തുള്ളലും – കോട്ടയത്തു തമ്പുരാനും ഉണ്ണായിവാര്യരും – കഥകളിയുടെ സാങ്കേതികത – തുള്ളൽ പ്രസ്ഥാനം – കുഞ്ചൻ നമ്പ്യാർ . രംഗകലാ പാഠമെന്ന നിലയിൽ ആട്ടക്കഥയും തുള്ളലും– സൈദ്ധാന്തികവും പ്രായോഗികവുമായ വ്യവഹാരങ്ങൾ.

CO 5 മഹാകാവ്യ പ്രസ്ഥാനം. കൂട്ടുകവിതകൾ, വിലാപങ്ങൾ, മുക്തകങ്ങൾ–വിശദപഠനം.

CO 6 പച്ചമലയാള പ്രസഥാനം – കാവ്യ മാതൃകകൾ – കുണ്ടൂർ നാരായണ മേനോന്റെ രചനകൾ. ദ്വിതീയാക്ഷര പ്രാസവാദം– ചരിത്രം–പരിണാമദശകൾ, പുതിയ ആശയങ്ങൾ ചർച്ചകൾ.

**പാഠ്യപദ്ധതി:**

MU LS C 2206 പ്രാചീന – മധ്യകാല കവിത

പ്രാചീന മധ്യകാല സാഹിത്യം അതിന്റെ വിശദാംശങ്ങളോടെ പഠിക്കുകയാണ് ലക്ഷ്യം. മണിപ്രവാളത്തിന്റെ വളർച്ച, പാട്ടുപ്രസ്ഥാനങ്ങളുമായുള്ള അതിന്റെ സമരസപ്പെടൽ, കിളിപ്പാട്ടുകൃതികൾ, ആട്ടക്കഥകൾ, ആധുനിക ഗദ്യത്തിന്റെ തുടക്കം എന്നിവ ഈ പാഠ്യപദ്ധതിയുടെ പരിധിയിൽപ്പെടുന്നു. എഴുത്തച്ഛൻ മുതൽ കുഞ്ചൻനമ്പ്യാർ വരെയുള്ള കവികളുടെ സംഭാവനകൾ പഠിക്കണം. സാഹിത്യത്തിലെ ഭാവുകത്വ പരിണാമങ്ങളെ വർഷവും തിയതിയുമനുസരിച്ച് കണിശമായി അടയാളപ്പെടുത്തുക അസാദ്ധ്യമാണ് എന്നതിനാൽ മധ്യകാല സാഹിത്യത്തിന്റെ രണ്ടാമത്തെ ഘട്ടമായി ഇവിടെ കരുതുന്നത് കുഞ്ചൻ നമ്പ്യാർക്കുശേഷം കേരളവർമ്മവലിയകോയിത്തമ്പുരാൻ വരെയുള്ള കാല മാണ്. കാല്പനികതയുടെ പ്രവണതകൾ ആദ്യമായി പ്രത്യക്ഷപ്പെടുന്ന കാലത്തെയും ഈ ഘട്ടത്തിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു.

പൊതുവെ നിയോ ക്ലാസ്സിക് എന്ന പേരിലാണ് ഈ ഘട്ടം അറിയപ്പെടുന്നത്. പക്ഷേ യൂറോപ്യൻ സാഹിത്യത്തിലെ നിയോ ക്ലാസ്സിക് സങ്കല്പത്തിലൊതുങ്ങാത്ത പല പ്രവണതകളും ഈ കാലഘട്ടത്തിന്റേതായുണ്ട്.

**യൂണിറ്റ് – 1**

പാട്ടുപ്രസ്ഥാനത്തിന്റെ ഉത്ഭവം, പരിണാമം – ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം– അതു കവിതയിലുളവാക്കിയ ഉണർവ്, കിളിപ്പാട്ട് പ്രസ്ഥാനം – എഴുത്തച്ഛന്റെ സംഭാവന, അദ്ദേഹത്തിന്റെ കാലഘട്ടം, ജീവിതം, കൃതികൾ. മധ്യകാല മണിപ്രവാളം – (പ്രാചീന ചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള വ്യത്യാസം –മധ്യകാല ചമ്പുക്കളിലെ വർണ്ണനാരീതി – സമകാല സാമൂഹിക ജീവിതപ്രതിഫലനം, ഭാഷാപരമായ പ്രത്യേകതകൾ – പുനംനമ്പൂതിരി – മഴമംഗലം.

**വിശേഷപഠനം**

രാമചരിതം ഒന്നാം പടലം

കണ്ണശരാമായണം ബാലകാണ്ഡം– ചോകിരം, ഗ്രാമവർണ്ണന

ഉണ്ണിച്ചിരുതവീ ചരിതം– പൂർവ്വഭാഗം 11 ശ്ലോകം

ഉണ്ണുനീലി സന്ദേശം– ആദ്യത്തെ 10 പാട്ട്

ഭാഷാഷധം ചമ്പു– ഒന്നാം ഗദ്യം വൻ

**യൂണിറ്റ് – 2**

ആട്ടക്കഥയും തുള്ളലും – ഈ പ്രസ്ഥാനങ്ങളുടെ ഉദയവികാസങ്ങൾ – കോട്ടയത്തു തമ്പുരാനും ഉണ്ണായിവാര്യരും – കഥകളിയുടെ സാങ്കേതികത – തുള്ളൽ പ്രസ്ഥാനവും കുഞ്ചൻ നമ്പ്യാരും – രംഗകലയുടെ ഭാഗം എന്ന നിലക്ക് ഈ രണ്ടു സാഹിത്യരൂപങ്ങൾക്കുമുള്ള സവിശേഷതകൾ പഠനവിധേയ മാക്കുന്നു. കുഞ്ചൻനമ്പ്യാർക്കുശേഷം ആട്ടക്കഥയുടെയും കിളിപ്പാട്ടിന്റെയും തുള്ളലിന്റെയും പാരമ്പര്യം തുടരുന്നു. രംഗത്ത് ആടാൻ പാകത്തിന് രചിക്കപ്പെട്ട ആട്ടക്കഥകൾ ഏറെ ശ്രദ്ധിച്ചത് സാഹിത്യ ഗുണത്തിലല്ല. ഇക്കാര്യം നളചരിതവുമായി ബന്ധപ്പെടുത്തി പഠിക്കേണ്ടതാണ്.

**വിശേഷപഠനം**

നളചരിതം ആട്ടക്കഥ (ഒന്നാം ദിവസം)– ഉണ്ണായി വാര്യർ

കല്യാണസൗഗന്ധികം തുള്ളൽ– കുഞ്ചൻ നമ്പ്യാർ

**മുക്തകങ്ങൾ**

ഈ കാലഘട്ടത്തിലെ ഏറ്റവും പ്രബലമായ സാഹിത്യരൂപം മുക്തകമാണ്. അസാധാരണമായ വൈവിധ്യം പ്രമേയത്തിലും രചനയിലും പുലർത്തുന്നു. കവിതക്കത്തുകൾ, സമസ്യാപൂരണങ്ങൾ, കീർത്തനങ്ങൾ, ദ്രുതകവിത തുടങ്ങിയ പലതരത്തിലുള്ള മുക്തകങ്ങൾ ഈ കാലത്ത് എഴുതപ്പെട്ടിട്ടുണ്ട്.

**യൂണിറ്റ് – 3**

ഭക്തിപ്രസ്ഥാനത്തിന്റെ മറ്റു കൈവഴികൾ – കീർത്തനസാഹിത്യം – വഞ്ചിപ്പാട്ട് –പാന, വൃത്തബദ്ധമായ ഭാഷ ആത്മാവിഷ്കാരത്തിന്റെ മാധ്യമമായി ത്തീരുകയും മാധ്യമത്തിന്റെ മേലുള്ള പലതരം സാമർത്ഥ്യങ്ങൾ കവികൾ പ്രകടിപ്പിക്കുകയും ചെയ്ത കാലമാണിത്. കവിത അന്തസ്സുള്ള ഒരു വിനോദ മായിത്തീരുന്നു. ഈ കാലഘട്ടത്തിലെ ഗൗരവമുളള സാഹിത്യരൂപം മഹാകാവ്യ മാണ്. സംസ്കൃതത്തിലെ പണ്ഡിതകവികളുടെ രചനകളെ അനുകരിച്ചാണ് അവ എഴുതപ്പെട്ടിട്ടുള്ളത്, പന്തളം കേരള വർമ്മയുടെ ആഗമാംഗദചരിതവും ഉള്ളൂരിന്റെ ഉമാകേരളവും കെ.സി. കേശവപിള്ളയുടെ കേശവീയവും പരിചയ പ്പെട്ടിരിക്കേണ്ടതാണ്. കൂട്ടുകവിത ഇക്കാലത്തെ മറ്റൊരു രചനാസങ്കേത മായിരുന്നു. ഒരു കവിത ഒന്നിലധികം പേർ ചേർന്ന് എഴുതുകയായിരുന്നു ഇതിന്റെ രീതി. കൂട്ടുകവിതകളുടെ മാതൃകകൾ പരിചയപ്പെട്ടിരിക്കണം. തങ്ങൾ നടത്തിയ യാത്രകളെക്കുറിച്ചുള്ള രസകരമായ വർണ്ണനകൾ പദ്യരൂപത്തിൽ ധാരാളമായി ഇക്കാലത്തുണ്ടായി, അവയും പരിചയപ്പെട്ടിരിക്കണം.

**വിശേഷപഠനം**

കുചേലവൃത്തം വഞ്ചിപ്പാട്ട് – രാമപുരത്തു വാര്യർ

ജ്ഞാനപ്പാന – പൂന്താനം

കൂദാശപ്പാന – (പുത്തൻപാന ആദ്യത്തെ 50 വരികൾ)

**യൂണിറ്റ്** –4

സംസ്കൃത പ്രഭാവത്തിനെതിരായി രൂപം കൊണ്ട് പച്ചമലയാളകാവ്യ മാതൃകയായി കുണ്ടൂർ നാരായണ മേനോന്റെ രചനകൾ പഠനവിധേയ മാക്കണം. ദ്വിതീയാക്ഷര പ്രാസവാദത്തിന്റെ ചരിത്രവും അതിൽനിന്നുരു ത്തിരിഞ്ഞ ആശയങ്ങളും ചർച്ചകളും പഠനവിധേയമാക്കണം. കാൽപ്പനികത യുടെ മങ്ങിയ സ്ഫുരണം എ. ആർ രാജരാജവർമ്മയുടെ മലയവിലാസത്തിലും വി.സി. ബാലകൃഷ്ണപ്പണിക്കരുടെ "ഒരു വിലാപത്തി'ലും സി.എസ്. സുബ്രമണ്യൻ പോറ്റിയുടെ "ഒരുവിലാപ''ത്തിലും കാണാം.

**വിശേഷപഠനം**

കോമപ്പൻ – കുണ്ടൂർ നാരായണമേനോൻ

കേശവീയം – (ഒന്നാം സർഗം 26 ശ്ലോകം) – കെ.സി. കേശവപ്പിള്ള

ഒരു വിലാപം – വി.സി. ബാലകൃഷ്ണപ്പണിക്കർ

**യൂണിറ്റ്** –6

മലയാള കവിതയിലെ വാമൊഴി പാരമ്പര്യം–മലയാള കവിതയുടെ ചരിത്ര ത്തിൽ വടക്കൻ പാട്ടുകളും തെക്കൻ പാട്ടുകളും മാപ്പിളപ്പാട്ടുകളും ഒക്കെ ഉൾപ്പെടുന്ന വാമൊഴിക്കവിതകൾക്ക് വലിയ പ്രാധാന്യമുണ്ട്. അവ മനസി ലാക്കുവാൻ പ്രാതിനിധ്യ സ്വഭാവമുള്ള ചില കൃതികൾ പഠനവിധേയമാക്കേണ്ടത് ആവശ്യമാണ്.

**വിശേഷപഠനം**

വടക്കൻപാട്ടുകൾ– തച്ചോളി കുഞ്ഞുചന്തുവിന്റെ പാട്ട്

തെക്കൻപാട്ട്– ഇരവിക്കുട്ടിപ്പിള്ളപ്പോര് (പാരം)

മാപ്പിള രാമായണം– വിലാപം

## സഹായകഗ്രന്ഥങ്ങൾ


അച്യുതനുണ്ണി, ചാത്തനാത്ത്, വർത്തമാനപുസ്തകം 1 – ആദ്യത്തെ 5 പദം ലിപി പബ്ലിക്കേഷൻസ്.

അച്യുതനുണ്ണി, ചാത്തനാത്ത് & രാഘവവാരിയർ. എം. ആർ

(ഉണ്ണിച്ചിരുതേവീചരിതം വ്യഖ്യാനം കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

ഉള്ളൂർ, ഭാഷാചമ്പുക്കൾ. കേരളസാഹിത്യഅക്കാദമി, തുഞ്ചൻ (പ്രബന്ധങ്ങൾ.

ഗണേഷ്, കെ.എൻ., കുഞ്ചൻ നമ്പ്യാർ : വാക്കുംസമൂഹവും.

ജോർജ്, കെ.എം. (എഡി.), സാഹിത്യചരിത്രം – പ്രസ്ഥാനങ്ങളിലൂടെ.

ദിലീപ് കുമാർ, കെ.വി., മധ്യകാല മലയാളകവിതയിലെ നായകസങ്കൽപം.

നാരായണൻ, അകവൂർ, വെണ്മണിക്കവിത.

പരമേശ്വര അയ്യർ. എസ്, ഉള്ളൂർ, 1990, കേരളസാഹിത്യചരിത്രം, തിരുവനന്തപുരം, യൂണിവേഴ്സിറ്റി ഓഫ് കേരള.

പരമേശ്വരൻ നായർ, പി.കെ., ആധുനിക മലയാള സാഹിത്യം.

രാജരാജവർമ്മ, ഏ.ആർ., നളചരിതം (കാന്താരതാരകം – വ്യാഖ്യാനം).

രാമചന്ദ്രൻ നായർ, പന്മന, നഷധവും നളചരിതം ആട്ടക്കഥയും.

ലീലാവതി, എം. ഡാ., മലയാളകവിതാസാഹിത്യചരിതം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

വസന്തൻ, എസ്.കെ., പഴയ തേൻ.

വേലായുധൻ പിള്ള, പി.വി. ഡാ., മധ്യകാല മലയാളം.

ശർമ്മ, വി.എസ്. ഡോ. പൂന്താനസർവ്വസ്വം.

സാമുവൽ, ചന്ദനപ്പള്ളി, 1975, മിഷണറി മലയാള ഗദ്യമാതൃകകൾ, തിരുവല്ല:

ക്രിസ്ത്യൻ ലീറ്ററേച്ചർ സൊസൈറ്റി.

സാഹിത്യപഞ്ചാനനൻ, തുഞ്ചത്തെഴുത്തച്ഛൻ.

സ്കറിയ സക്കറിയ, ഡോ., ക്രിസ്ത്യാനികളും മലയാളസാഹിത്യവും – ചർച്ചയും പൂരണവും.

സൂചന:

| സി. ഒ | പാഠ്യവിഷയഫലപ്രാപ്തി | പി. ഒ | പി. എ സ്.ഒ | സി. എൽ | കെ. സി | സിദ്ധാന്ത പഠനം | പ്രയോഗം/ ലാബ്/ മണ്ഡലം |
|---|---|---|---|---|---|---|---|
| സി. ഒ1 | പ്രാചീന മധ്യകാല സാഹിത്യം, മണിപ്രവാളത്തിന്റെ വളർച്ച, പാട്ടുപസ്ഥാനം, കിളിപ്പാട്ടു കൃതികൾ, ആട്ടക്കഥകൾ, ആധുനിക ഗദ്യം, എഴുത്തച്ഛൻ മുതൽ കുഞ്ചൻനമ്പ്യാർ വരെ. നിയോ ക്ലാസിക് യുഗം. | 2 3 4 | 1,2 | RE UN AN | F C | *12 | **0 |
| സി. ഒ2 | മധ്യകാലസാഹിത്യം രണ്ടാം ഘട്ടം – പ്രാചീന മധ്യകാലകവിത. കുഞ്ചൻനമ്പ്യാർക്കുശേഷം കേരളവർമ്മവലിയകോയിത്തമ്പുരാൻ വരെ. കാല്പനികതയുടെ പ്രവണതകൾ – സൈദ്ധാന്തികവും അന്തർവൈജ്ഞാനികവുമായ വീക്ഷണങ്ങൾ, ഭാഷാപഗ്രഥന പദ്ധതികൾ. | 1 2 3 | 2,3 | EV RV UN AN | F C | 12 | 0 |
| സി. ഒ3 | പാട്ടുപ്രസ്ഥാനം– ഉത്ഭവം, പരിണാമം – ഭക്തിപ്രസ്ഥാനം എഴുത്തച്ഛന്റെ സംഭാവനകൾ. മധ്യകാലമണിപ്രവാളം – പ്രാചീന ചമ്പുക്കൾ – പുനം നമ്പൂതിരി – മഴമംഗലം. | 1 2 3 | 2,3,5 | EV UN AN | C | 12 | 0 |
| സി. ഒ4 | ആട്ടക്കഥയും തുള്ളലും – കോട്ടയത്തുതമ്പുരാനും ഉണ്ണായിവാര്യരും – കഥകളിയുടെ സാങ്കേതികത – തുള്ളൽ പ്രസ്ഥാനം – കുഞ്ചൻനമ്പ്യാർ. രംഗകലാ പാഠമെന്ന നിലയിൽ ആട്ടക്ക ഥയും തുള്ളലും– സൈദ്ധാന്തികവും പ്രായോ ഗികവുമായ വ്യവഹാരങ്ങൾ. | 2 1 3 4 | 2,4 | AN EV RV | F C | 12 | 0 |
| സി. ഒ5 | മഹാകാവ്യ പ്രസ്ഥാനം. ഖണ്ഡകവിതകൾ, വിലാപങ്ങൾ, മുക്തകങ്ങൾ–വിശദപഠനം. | 2 3 | 3,4 | AN EV | C | 12 | 0 |
| സി. ഒ6 | പച്ചമലയാള പ്രസ്ഥാനം – കാവ്യ മാതൃകകൾ – കുണ്ടൂർ നാരായണ മേനോന്റെ രചനകൾ. ദ്വിതീയാക്ഷര പ്രാസവാദം– ചരിത്രം– പരിണാമദശകൾ, പുതിയ ആശയങ്ങൾ ചർച്ചകൾ. | 2 3 4 | 2,3 | AN EV | C P | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| പി.ഒ | പൊതുഫലപ്രാപ്തി<br>Programme Outcome |
| പി.എസ്. ഒ | പാഠ്യകേന്ദ്രിതഫലപ്രാപ്തി<br>(Programme Specific Outcome) |
| സി.എൽ | അറിവുതലം(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| കെ.സി | വിവരതലം (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

സെമസ്റ്റർ – 2

മുഖ്യവിഷയം:

MULS C 2207

# ചെറുകഥാ സാഹിത്യം

(4 ക്രെഡിറ്റ് )

**പാഠ്യവിഷയഫലപ്രാപ്തി :**

| | |
|---|---|
| CO1 | ഭാഷയിലും ചിന്തയിലും സാഹിത്യത്തിലും ജീവിത ദർശനത്തിലും നവനിർമിതി സാധ്യമാക്കുക |
| CO 2 | മലയാള ചെറുകഥയുടെ ആരംഭം മുതലുള്ള ഘട്ടങ്ങൾ പരിശോധിക്കുക |
| CO 3 | ചെറുകഥാ സാഹിത്യപഠനത്തിനുള്ള കഴിവുകൾ വികസിപ്പിക്കുക |
| CO 4 | ചെറുകഥാ സാഹിത്യചരിത്രം പുനഃക്രമീകരിക്കുക |
| CO 5 | കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ പരിണാമങ്ങൾ ചെറുകഥയുടെ ഘട്ടവികാസ പരിണാമങ്ങളിൽ കൂടി മനസിലാക്കുക. |
| CO 6 | ചെറുകഥയുടെ വർത്തമാനചരിത്ര നിർമിതി നടത്തുക. |

**പാഠ്യപദ്ധതി:**

MULS C 2207 ചെറുകഥാ സാഹിത്യം .

മലയാള ചെറുകഥാ പ്രസ്ഥാനം സമഗ്രമായി പരിചയപ്പെടുകയും അതിന്റെ ഉത്ഭവവും വളർച്ചയും ഭാവുകത്വപരവും ആഖ്യാനപരവും പ്രമേയപരവുമായ പരിണാമങ്ങളും സൂക്ഷ്മമായി വിശകലനത്തിനെടുക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയുമാണ് ചെറുകഥാ സംബന്ധിയായ ഈ കോഴ്സ് കൊണ്ട് ലക്ഷ്യം വെക്കുന്നത്. ആദ്യകാല ചെറുകഥകൾ –നവോത്ഥാനകാലത്തെ ചെറുകഥകൾ ആധുനികം ആധുനികാനന്തരം തുടങ്ങി ഏറ്റവും പുതിയ കാലത്ത് ചെറുകഥകൾക്ക് സംഭവിച്ച രാഷ്ട്രീയപരവും ആഖ്യാനപരവുമായ മാറ്റം അപഗ്രഥിക്കാൻ

ഉതകുന്ന വിധമുള്ള ചെറുകഥകൾ ഈ സിലബസ് യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറുകഥാസാഹിത്യചരിത്രത്തെയും അതിന്റെ പരിണാമദശകളെയും സാഹിത്യ പഠന കോഴ്സിന്റെ ഭാഗമായി വിദ്യാർത്ഥികൾ സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്. വിശേഷപഠനത്തിന് വേണ്ടി ഉൾപ്പെടുത്തിയ ചെറുകഥകൾ വിശകലനപഠനത്തിനു വിധേയമാക്കുക എന്നതിലുപരി മലയാളിയുടെ അനുഭൂതിജീവിതത്തെ ചെറുകഥകൾ സ്വാധീനിച്ചതിനെയും നവോത്ഥാനം ഫെമിനിസം ദളിത് രാഷ്ട്രീയം തുടങ്ങിയ വിവിധങ്ങളായ ചിന്താപദ്ധതികളും ചെറുകഥാ സാഹിത്യ പ്രസ്ഥാനത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യണം.

## യൂണിറ്റ് – 1

സാഹിത്യത്തിലെ വിവിധ ജോണറുകൾ – ചെറുകഥ എന്ന സാഹിത്യ രൂപം – പാരമ്പര്യ പാരിമാണിക കൈവഴികൾ – വേദകഥകൾ – ജാതകകഥകൾ – പഞ്ചതന്ത്രം – ഹിതോപദേശം – ഐതിഹ്യകഥകൾ – എക്സംപ്ളം (Exemplum) ഫാബ്ളിയോ (fablau) നോവല്ല (Novella) ടെയ്ൽ (Tale) പാശ്ചാത്യ സാഹിത്യ രൂപം എന്ന നിലയ്ക്ക് മലയാള ചെറുകഥയെ സ്വാധീനിച്ചത് – ആദ്യകാല മലയാള ചെറുകഥകൾ – അവയുടെ സ്വഭാവം – മലയാള ചെറുകഥയിലെ നവോത്ഥാനഘട്ടം – കഥകലയ്ക്കുവേണ്ടിയോ ജീവിതത്തിനു വേണ്ടിയോ? – സാമൂഹികവും രാഷ്ട്രീയപരവുമായ ഘടകങ്ങൾ ചെറുകഥയിൽ പ്രത്യക്ഷപ്പെട്ടതിന്റെ സ്വഭാവവും കല ചോർന്നുപോകുന്നു എന്ന ആരോപണവും – എം .പി പോൾ – കേസരി തുടങ്ങിയവരുടെ സംഭാവനകൾ

### വിശേഷ പഠനത്തിന്

വാസനാ വികൃതി – വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

ഉളിപിടിച്ച കൈ – അമ്പാടി നാരായണപ്പൊതുവാൾ

പ്രതിജ്ഞ – പി. കേശവദേവ്

കൃഷിക്കാരൻ – തകഴി

ജന്മദിനം – ബഷീർ

നിനക്കതു മതി – ടി.കെ.സി വടുതല

മോഡൽ – പൊൻകുന്നംവർക്കി

**യൂണിറ്റ് –2**

ചെറുകഥയുടെ ഭാവുകത്വ പരിണാമം – റിയലിസത്തിൽ നിന്ന് കാല്പനികതയിലേക്ക് – എഴുത്തുകാരന്റെ അപരജീവിതം എന്ന നിലക്കുള്ള പരിണാമം – ബോധധാരാരീതിയും ഇമേജറിയും ആഖ്യാനത്തെയും പ്രമേയത്തെയും സ്വാധീനിക്കുന്നു – ഏകാകിയുടെ മനോവൃത്തിയും റൊമാന്റിസവും.

**വിശേഷ പഠനത്തിന്**

മരപ്പാവകൾ –കാരൂർ നീലകണ്ഠപ്പിള്ള

ഗൗരി– ടി. പത്മനാഭൻ

വാനപ്രസ്ഥം– എം.ടി.വാസുദേവൻ നായർ

പക്ഷിയുടെ മണം– മാധവിക്കുട്ടി

ആത്മഹത്യ –രാജലക്ഷ്മി

നിന്റെ കഥ എന്റെയും–എൻ മോഹനൻ

ബാബുരാജ് –വി.ആർ. സുധീഷ്

**യൂണിറ്റ് –3**

ആധുനികതയുടെ പ്രത്യക്ഷീകരണം മലയാള ചെറുകഥയിൽ – ആധുനികതാവാദവും ചെറുകഥയും – നഗരവൽക്കരണം – അന്യവൽക്കരണം അസ്തിത്വവാദവും അതിന്റെ വ്യഥകളും – നിഷേധാത്മകത്വം – ദാർശനികതയുടെയും അണുകുടുംബ പരിണാമത്തിന്റെയും സാന്നിധ്യം – ആഖ്യാനത്തിലെ അട്ടിമറികൾ – രേഖീയമായ ആഖ്യാനവും പ്രമേയവും മാറുന്നു – രാഷ്ട്രീയ ആധുനികതയും തീവ്ര ഇടത് പക്ഷാശയങ്ങളും കഥയിൽ പ്രത്യക്ഷപ്പെടുന്നു .

**വിശേഷ പഠനത്തിന്**

ദൽഹി 1981 –എം. മുകുന്ദൻ

മസ്ക്രീനാസിന്റെ മരണം–കാക്കനാടൻ

വാസ്തുഹാര– സി.വി.ശ്രീരാമൻ

ലഞ്ച് –വി.കെ.എൻ

മരിച്ചിട്ടില്ലാത്തവരുടെ സ്മാരകങ്ങൾ–എം.സുകുമാരൻ

വിരുന്ന് –വിക്ടർലീനസ്

ചാവ് –ജോർജ് ജോസഫ് . കെ

**യൂണിറ്റ് – 4**

ആധുനികാനന്തരം മലയാള ചെറുകഥയിലെ പരിണാമങ്ങൾ – കഥയിൽ സൂക്ഷ്മ രാഷ്ട്രീയം പ്രത്യക്ഷപ്പെടുന്നു–സ്വത്വവാദപരമായ രാഷ്ട്രീയം–ദളിത്വാദം – സ്ത്രീവാദം – പ്രാദേശികത്വം – പാരിസ്ഥിതിക ജാഗ്രത – പുതിയ ആശയങ്ങളും ആവിഷ്കൃതമാവാത്ത ജീവിതങ്ങളും – പ്രതിനിധാന രാഷ്ട്രീയ വായനകൾ.

**വിശേഷ പഠനം**

പ്രേതഭാഷണം – സി. അയ്യപ്പൻ

പ്രേമത്തിന്റെ പ്രവൃത്തി മണ്ഡലം – സരസ്വതിയമ്മ

രാച്ചിയമ്മ – ഉറൂബ്

ഹിഗ്വിറ്റ – എൻ.എസ് മാധവൻ

അപൂർണ്ണവിരാമങ്ങൾ – അഷിത

ആമസോൺ – അശോകൻ ചെരുവിൽ

**യൂണിറ്റ് –5**

മലയാളചെറുകഥയുടെ വർത്തമാനപരിണാമം – ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലം – രാഷ്ട്രീയ സാമൂഹിക ജീവിതമാറ്റം – ഭാഷയിലും ഭാവനയിലും ആഖ്യാനത്തിലും വന്ന മാറ്റം – പുതുകഥകൾ – ഭാവുകത്വവും ഭാഷയും മാറുന്നു – കുടിയേറ്റ ജീവിതവും പ്രാന്തീകൃത ജനതയും ഭാഷയും ചെറുകഥയുടെ സ്ഥലകാലങ്ങളെയും ആഖ്യാനങ്ങളെയും പുതുക്കുന്നു –

**വിശേഷപഠനം**

പന്തിഭോജനം – സന്തോഷ് ഏച്ചിക്കാനം

ഒറ്റപ്പെട്ടവൻ – ഉണ്ണി. ആർ

കത്തി – ബി. മുരളി

തൊട്ടപ്പൻ – ഫ്രാൻസിസ് നൊറോണ

മാവോയിസ്റ്റ് – എസ് ഹരീഷ്

ആവേ മരിയ – കെ ആർ മീര

ഫോർമിസൈഡി – ശ്രീജിത് കോനോളി

**സഹായക ഗ്രന്ഥങ്ങൾ**

ചെറുകഥാ പ്രസ്ഥാനം – എം.പി. പോൾ

ചെറുകഥ ഇന്നലെ ഇന്ന് – എം. അച്യുതൻ

ചെറുകഥയുടെ ഛന്ദസ്സ് – വി. രാജകൃഷ്ണൻ

കഥ ആഖ്യാനവും അനുഭവസത്തയും – കെ.പി. അപ്പൻ

കഥയും ഭാവുകത്വ പരിണാമവും – കെ.എസ് രവികുമാർ

കഥയുടെ ന്യൂക്ലിയസ് – വത്സലൻ വാതുശ്ശേരി

കഥയും പരിസ്ഥിതിയും– ജി. മധുസൂധനൻ

സ്ഥലവും കാലവും മലയാള ചെറുകഥയിൽ – ഡോ. സോമൻ നെല്ലിവിള

നിശ്ശബ്ദതയും നിർമാണവും– ഇ.പി രാജഗോപാലൻ

കഥാന്തരങ്ങൾ– പി.കെ. രാജശേഖരൻ

മലയാള ചെറുകഥാ പ്രസ്ഥാനം – എം.എം ബഷീർ

കഥയും ഫാന്റസിയും– വത്സലൻ വാതുശ്ശേരി

കഥ കാലം പോലെ– എൻ ശശിധരൻ

what is short story? Eugene Current Gracia And Walton R.Patrick Scott Foresman

The Modern Short-story 1943 Heebertt Emest Bates

സൂചന:

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്തപഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ1 | ഭാഷയിലും ചിന്തയിലും സാഹിത്യത്തിലും ജീവിത ദർശനത്തിലും നവനിർമിതി സാധ്യമാക്കുക | 2 3 4 | 4 2 3 | RE UN AN | F C | *12 | ** |
| സി.ഒ2 | മലയാള ചെറുകഥയുടെ ആരംഭം മുതലുള്ള ഘട്ടങ്ങൾ പരിശോധിക്കുക | | 1 6 4 | EV, RE UN AN | F C | 12 | |
| സി.ഒ3 | ചെറുകഥാ സാഹിത്യപഠനത്തിനുള്ള കഴിവുകൾ വികസിപ്പിക്കുക | 1 3 4 | 1 4 3 | AN EV | C O | 12 | |
| സി.ഒ4 | ചെറുകഥാ സാഹിത്യചരിത്രം പുനഃക്രമീകരിക്കുക | 1 2 | 1, 4 6, 9 | AN, AP EV | C O | 12 | |
| സി.ഒ5 | കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ പരിണാമങ്ങൾ ചെറുകഥയുടെ ഘട്ട വികാസ പരിണാമങ്ങളിൽ കൂടി മനസിലാക്കുക | 3 4 | 4 6 9 | AN UN EV | C O | 12 | |
| സി.ഒ6 | ചെറുകഥയുടെ വർത്തമാന ചരിത്ര നിർമിതി നടത്തുക. | 1 3 4 | 4, 5 6 3 | AN, AP EV Cr | C O | 12 | |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

സെമസ്റ്റർ – 2

മുഖ്യവിഷയം:

MULS C 2208

# മലയാളനിരൂപണം

(4 ക്രെഡിറ്റ്)

**പാഠ്യവിഷയഫലപ്രാപ്തി :**

| | |
|---|---|
| CO 1 | മലയാളനിരൂപണ ചരിത്രത്തിന്റെ പരിണാമ സന്ദർഭങ്ങൾ മനസ്സിലാക്കുക. |
| CO 2 | വ്യത്യസ്ത വിമർശകരുടെ സംഭാവനകൾ പുനഃപരിശോധിക്കുക. |
| CO 3 | പാശ്ചാത്യവും പൌരസ്ത്യവുമായ സാഹിത്യ സൈദ്ധാന്തിക പാരമ്പര്യത്തെ മനസ്സിലാക്കുക. |
| CO 4 | വിമർശനനിഷ്ഠ സിദ്ധാന്തങ്ങളുടെ അടിസ്ഥാനസങ്കല്പങ്ങൾ മനസ്സിലാക്കുക. |
| CO 5 | ആഗോളതലത്തിൽ വ്യാപകമായ വ്യത്യസ്ത സാഹിത്യ സംസ്കാരങ്ങൾ മനസ്സിലാക്കുക. |
| CO 6 | പാഠവായനയ്ക്കുള്ള കഴിവുകൾ വിപുലപ്പെടുത്തുക. |

**പാഠ്യപദ്ധതി:**

**മലയാളനിരൂപണം**

മലയാളസാഹിത്യവിമർശനത്തിന്റെ ഉദ്ഭവവും വികാസപരിണാമങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തുകയും അപഗ്രഥിച്ചു പഠിക്കുകയുമാണ് ലക്ഷ്യം. വിശേഷപഠനത്തിന് നൽകിയ പ്രബന്ധങ്ങളെയും കൃതികളെയും കൂടാതെ മലയാളനിരൂപണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെയും വിമർശകരെയും സംബന്ധിച്ച പൊതുധാരണകൾ വിദ്യാർത്ഥികൾ രൂപപ്പെടുത്തണം. അതിവിമർശനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി മലയാളനിരൂപണചരിത്രം സംബന്ധിച്ച പുതുവായനകൾ രൂപപ്പെടുത്താനും വിദ്യാർത്ഥികൾ പരിശ്രമിക്കണം.

## യൂണിറ്റ് – 1

**മലയാളനിരൂപണം പ്രാരംഭഘട്ടം**

വ്യാഖ്യാനവും വിമർശനവും – മിഷണറിമാരുടെ സംഭാവന – പത്രമാസികകളും ഗദ്യവികാസവും –പത്രമാസികകളിലെ നിരൂപണം – പാഠപുസ്തകസമിതി – ആദ്യകാല നിരൂപകർ – സി.പി.അച്യുതമേനോൻ – സ്വദേശാഭിമാനി രാമകൃഷ്ണപിള്ള – സി.അന്തപ്പായി–സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള – മൂർക്കോത്ത് കുമാരൻ– കെ.ആർ.കൃഷ്ണപിള്ള –വടക്കുംകൂർ രാജരാജവർമ – നിരൂപണത്തിന് പുതിയ അടിത്തറ – എ.ആർ. രാജരാജവർമയുടെ അവതാരികകൾ–സാഹിത്യസാഹ്യം – പ്രാസവാദം – ആധുനിക കവിത്രയവും മലയാള നിരൂപണവും – വിദ്വാൻ സി.എസ്.നായർ – പി.ശങ്കരൻ നമ്പ്യാർ – ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ – എം.ആർ.നായർ

**വിശേഷപഠനം**

| | | |
|---|---|---|
| മാർത്താണ്ഡവർമ | – | സി.പി.അച്യുതമേനോൻ |
| ശാകുന്തളം | – | കേരളവർമ വലിയകോയിത്തമ്പുരാൻ |
| നളചരിതം (കാന്താരതാരകം) അവതാരിക | – | എ.ആർ. രാജരാജവർമ |
| സംഗീതശാകുന്തളത്തിന് ഒരവതാരിക | – | കെ.രാമകൃഷ്ണപിള്ള |
| കാളിദാസന്റെ ദാമ്പത്യാദർശം | – | പി. ശങ്കരൻ നമ്പ്യാർ |
| ചിത്രയോഗനിരൂപണം | – | എൻ. കുമാരനാശാൻ |
| തുഞ്ചത്തെഴുത്തച്ഛൻ | – | സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപിള്ള |
| സാഹിത്യാഭിരുചി | – | വിദ്വാൻ സി.എസ്.നായർ |

## യൂണിറ്റ് –2

മലയാള നിരൂപണം–മധ്യഘട്ടം

മലയാള സാഹിത്യനിരൂപണത്തിന്റെ പുതിയ ദിശാബോധം – എം.പി.പോൾ കേസരി.എ.ബാലകൃഷ്ണപിള്ള – കുട്ടികൃഷ്ണമാരാർ – ജോസഫ് മുണ്ടശ്ശേരി –

കുറ്റിപ്പുഴ കൃഷ്ണപ്പിള്ള – പുരോഗമന സാഹിത്യനിരൂപണം – സൗന്ദര്യനിരൂപണം – നിരൂപണത്തിലെ സാങ്കേതികത – നിഷ്പക്ഷനിരൂപണം – രൂപഭദ്രത – ഡോ. കെ. ഭാസ്കരൻ നായർ

**വിശേഷപഠനം**

| | | |
|---|---|---|
| സൗന്ദര്യനിരീക്ഷണം | – | എം.പി.പോൾ |
| നവലോകം | – | കേസരി എ.ബാലകൃഷ്ണപിള്ള |
| സാഹിത്യവിദ്യ | – | കുട്ടികൃഷ്ണമാരാർ |
| കരിന്തിരി | – | ജോസഫ് മുണ്ടശ്ശേരി |

**യൂണിറ്റ് – 3**

മലയാളനിരൂപണം – ആധുനികഘട്ടം

സുകുമാർ അഴീക്കോട് – എസ്. ഗുപ്തൻ നായർ – പി.കെ. ബാലകൃഷ്ണൻ – എം. അച്യുതൻ – ഡോ. കെ.എം. ജോർജ് – എം.കെ. സാനു – തായാട്ട് ശങ്കരൻ – ഇ.എം.എസ് – എം.എൻ. വിജയൻ – എം. ലീലാവതി – പി.വി. വേലായുധൻ പിള്ള – എം. തോമസ് മാത്യു – എന്നിവരുടെ സാഹിത്യ നിരൂപണപരമായ പ്രബന്ധങ്ങൾ

**വിശേഷപഠനം**

| | | |
|---|---|---|
| കണ്ണീർപ്പാടം | – | എം.പി. ശങ്കുണ്ണിനായർ |
| എഴുത്തുകാരന്റെ സ്വാതന്ത്ര്യം | – | എം. ലീലാവതി |
| കുടിയൊഴിക്കൽ | – | എം.എൻ. വിജയൻ |
| പുരോഗമന സാഹിത്യത്തിന്റെ വിമർശകൻ | – | എം. തോമസ് മാത്യു |

**യൂണിറ്റ് – 4**

മലയാളനിരൂപണത്തിലെ ഉച്ച ആധുനിക പ്രവണതകൾ

ആധുനികതാവാദവും മലയാളനിരൂപണവും–കെ.പി. അപ്പൻ–നരേന്ദ്രപ്രസാദ് –വി. രാജകൃഷ്ണൻ – ആഷാമേനോൻ – വി.സി. ശ്രീജൻ – ആർ. വിശ്വനാഥൻ തുടങ്ങിയവരുടെ സംഭാവനകൾ – ദാർശനികമാനങ്ങൾ–കേരളീയതാവിചാര ങ്ങൾ.

| | | |
|---|---|---|
| കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ | – | കെ.പി. അപ്പൻ |
| സ്വാതന്ത്ര്യത്തിന്റെ സമഗ്രത | – | ബി. രാജീവൻ |
| വീണ്ടും മഞ്ഞ് | – | വി.സി. ശ്രീജൻ |

## യൂണിറ്റ് –5

മലയാളനിരൂപണം–ആധുനികോത്തരഘട്ടം

ഘടനാ–ഘടനാവാദാനന്തര ആശയാവലികളും മലയാളനിരൂപണവും - സൗന്ദര്യ നിരൂപണത്തിന്റെയും സംസ്കാരിക നിരൂപണത്തിന്റെയും സമ കാലികത - ദളിത്, സ്ത്രീ, പരിസ്ഥിതി വിചാരപരിസരങ്ങൾ - കോളനിയനന്തര ചിന്തകൾ –'മാതൃഭാഷാവാദങ്ങൾ–മലയാളനിരൂപണ'ത്തിലെ പുത്തന് പ്രവണ തകൾ.

### വിശേഷപഠനം

| | | |
|---|---|---|
| നോവലിലെ സ്ഥലകാല സംയുക്തങ്ങൾ | – | ഇ.വി. രാമകൃഷ്ണൻ |
| ആധുനികത/ഉത്തരാധുനികത: രണ്ടു സംവാദങ്ങൾ | – | പി.കെ. രാജശേഖരൻ |
| ഇക്കോ–ഫെമിനിസവും കഥയും | – | ജി. മധുസൂദനൻ |
| ഖസാക്കിന്റെ രാഷ്ട്രീയ അബോധം | – | സുനിൽ. പി. ഇളയിടം |
| കാമനാരൂപങ്ങളുടെ കൊളോണിയൽ പ്രതിസന്ധി | – | പി. പവിത്രൻ |
| കുലടയ്ക്കും കുലീനയ്ക്കുമിടയിൽ | – | ജെ. ദേവിക |

### സഹായകഗ്രന്ഥങ്ങൾ

അച്യുതമേനോൻ, സി.പി., ഗ്രന്ഥവിവേചനം.

അജയകുമാർ എൻ., ആദ്യകാലമലയാളനിരൂപണം പുനർവായനയുടെ സാധ്യതകൾ

അനിൽ കെ.എം.,പാന്ഥരും വഴിയമ്പലങ്ങളും

അപ്പൻ, കെ.പി., 1992, കലാപം, വിവാദം, വിലയിരുത്തൽ.

അപ്പൻ, കെ.പി., 1988, മാറുന്ന മലയാള നോവൽ.

അന്തപ്പായി, സി., ദേവീവിലാസം.

കുമാരനാശാൻ, എൻ., നിരൂപണങ്ങൾ.

കുട്ടികൃഷ്ണമാരാർ, കൈവിളക്ക്, സാഹിത്യവിദ്യ.

കൃഷ്ണപിള്ള, കുറ്റിപ്പുഴ, ഗ്രന്ഥാവലോകനം, ചിന്താതരംഗം.

കൃഷ്ണപിള്ള, എൻ., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.

ഗുപ്തൻനായർ, എസ്., ആധുനികസാഹിത്യം, ഇസങ്ങൾക്കപ്പുറം.

ഗോമതിയമ്മ, കെ. (സമ്പാ.), സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങൾ.

ഗോവിന്ദൻകുട്ടി നായർ, ഉള്ളാട്ടിൽ, വിമർശനവും ആസ്വാദനവും, കാവ്യാ സ്വാദനം.

ജോർജ്, കെ.എം. ഡോ., കവികൾ നിരൂപണരംഗത്ത്.

ജോസഫ്, മുണ്ടശ്ശേരി, രൂപഭദ്രത, വായനശാലയിൽ (4 ഭാഗങ്ങൾ).

തോമസ് മാത്യു, എം., ദന്തഗോപുരത്തിലേക്ക് വീണ്ടും.

നരേന്ദ്രപ്രസാദ്, ആർ., ആധുനികതയുടെ മദ്ധ്യാഹ്നം.

നായർ, എം.ആർ., സാഹിത്യനികഷം – രണ്ടുഭാഗം.

നാരായണപിള്ള, പി.കെ., സാഹിത്യപഞ്ചാനനൻ, തുഞ്ചത്തെഴുത്തച്ഛൻ, പ്രസംഗതരംഗിണി.

നാരായണമേനോൻ വള്ളത്തോൾ, ഗ്രന്ഥവിഹാരം.

പരമേശ്വരയ്യർ, ഉള്ളൂർ, വിജ്ഞാനദീപിക (3 ഭാഗങ്ങൾ).

പോൾ, എം.പി., സാഹിത്യവിചാരം.

ബാലകൃഷ്ണപിള്ള, എ., സാഹിത്യവിമർശനങ്ങൾ, സാങ്കേതിക ഗ്രന്ഥനിരൂപണങ്ങൾ.

ഭാസ്കരൻ നായർ, കെ., ഡോ., കലയും കാലവും.

രവീന്ദ്രൻ (എഡി.), കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

രാജകൃഷ്ണൻ, വി. ചെറുകഥയുടെ ഛന്ദസ്സ്.

രാജരാജവർമ്മ, എ.ആർ., രാജരാജീയം, സാഹിത്യസാഹ്യം.

രാജീവൻ, ബി., ജനനിബിഡമായ ദന്തഗോപുരം, വാക്കുകളും വസ്തുക്കളും.

രാമകൃഷ്ണൻ, ഇ.വി., വാക്കിലെ സമൂഹം.

ലീലാവതി, എം., നവതരംഗം.

വിജയൻ, എം.എൻ., ശീർഷാസനം.

വിശ്വനാഥൻ, ആർ., അവസ്ഥയും ആഖ്യാനവും.

വേലായുധൻപിള്ള, പി.വി., മലയാളവിമർശനം.

ശങ്കരൻ, തായാട്ട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ.

ശങ്കരൻ നമ്പ്യാർ, പി., പ്രസ്ഥാനത്രയം, സാഹിത്യനിഷ്ക്കടം.

ശ്രീജൻ, വി.സി., നോവൽ വായനകൾ.

സാനു, എം.കെ., ചക്രവാളം.

സുകുമാർ, അഴീക്കോട്, മലയാളസാഹിത്യവിമർശനം, ആധുനികസാഹിത്യം.

സുനിൽ, പി. ഇളയിടം, അജ്ഞാതരുമായുള്ള അഭിമുഖങ്ങൾ.

David, Dalches. Critical Approaches to Literature.

Eagelton, Terry, The Function of Criticism.

Kunjunni Raja, 1963, Indian Theories of Meaning

Padmini, Mongla, Postcolonialism Reader,

Scott, James. Making of Literature.

സൂചനഃ

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്ത പഠനം | പ്രയോഗം/ലാബ്/ മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ 1 | മലയാള നിരൂപണ ചരിത്രത്തിന്റെ പരിണാമ സന്ദർഭങ്ങൾ മനസ്സിലാക്കുക. | 3 | 1 2 | U | F | 12 | 0 |
| സി.ഒ2 | വ്യത്യസ്ത വിമർശകരുടെ സംഭാവനകൾ പുനഃപരിശോധിക്കുക. | 1 | 1 2 | U | Co | 12 | 0 |
| സി.ഒ3 | പാശ്ചാത്യവും പൌരസ്ത്യവുമായ സാഹിത്യ സൈദ്ധാന്തിക പാരമ്പര്യത്തെ മനസ്സിലാക്കുക. | 1 | 1 2 | Applying | procedural | 12 | 0 |
| സി.ഒ4 | വിമർശനനിഷ്ഠ സിദ്ധാന്തങ്ങളുടെ അടിസ്ഥാനസങ്കല്പങ്ങൾ മനസ്സിലാക്കുക. | 1, 4 | 1 2 | U | conceptual meta cognitive | 12 | 0 |
| സി.ഒ5 | ആഗോളതലത്തിൽ വ്യാപകമായ വ്യത്യസ്ത സാഹിത്യ സംസ്കാരങ്ങൾ മനസ്സിലാക്കുക. | 1, 3 | 1 2 | Evaluating | meta cognitive | 12 | 0 |
| സി.ഒ6 | പാഠവായനയ്ക്കുള്ള കഴിവുകൾ വിപുലപ്പെടുത്തുക. | 1 | 1 2 | Creating | meta cognitive | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക (Apply) |
| An | അപഗ്രഥിക്കുക (Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപ<br>രം(procedural)<br>ദാർശനികം |

സെമസ്റ്റർ – 2

മുഖ്യവിഷയം:

# MU LS C 2209
# വിവർത്തനപഠനം
(4 ക്രെഡിറ്റ് )

**പാഠ്യവിഷയഫലപ്രാപ്തി:**

| | |
|---|---|
| CO. 1 | ഭാഷയും വിവർത്തനവും – സാഹിതീയവും വൈജ്ഞാനികവുമായ വിവർത്തന പ്രക്രിയയിലൂടെ സ്വഭാഷയുടെ നിസർഗശക്തികളും ഉയർന്നു വരാനുള്ള സാധ്യതകൾ കണ്ടെടുക്കുക . |
| CO. 2 | സാങ്കേതികത, ശാസ്ത്രം, അക്കാദമികം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലുള്ള വിവർത്തന പ്രക്രിയകളെ അറിയുക . വിവർത്തന സിദ്ധാന്തങ്ങൾ ആഴത്തിൽ പഠിക്കുക. |
| CO. 3 | വിദേശ ഇന്ത്യൻ ഭാഷകളിലെ വിവർത്തന ചരിത്രവും ഭാഷാചരിത്രവും വിവർത്തന സമീപനങ്ങളും അപഗ്രഥന വിധേയമാക്കുക. |
| CO. 4 | ഭാഷാസാങ്കേതികതയിലധിഷ്ഠിതമായ വിവർത്തന സങ്കല്പനങ്ങൾ രൂപീകരിക്കുക |
| CO. 5 | ഭാഷ, സാങ്കേതികത, നിഘണ്ടു എന്നിവ രൂപപ്പെടുത്തുന്നതിൽ വിവർത്തനത്തിനുള്ള സാധ്യത, സാങ്കേതിക വിവർത്തനം, യന്ത്രവിവർത്തനം. |
| CO. 6 | മാതൃഭാഷാവികസനത്തിൽ തർജമയ്ക്കുള്ള പ്രസക്തി തിരിച്ചറിയുക. |

പാഠ്യപദ്ധതി

MULS C 2209 വിവർത്തനപഠനം

ലോകത്തെ അറിയുന്നതിനുള്ള വിശേഷോപാധികളിലൊന്നാണ് വിവർത്തനം. ആദാന–പ്രദാനങ്ങളിലൂടെയാണ് ഓരോ ഭാഷയും സാഹിത്യവും പുഷ്ടി പ്രാപിക്കുന്നത്. സാഹിതീയവും വൈജ്ഞാനികവുമായ വിവർത്തന പ്രക്രിയയിലൂടെ സ്വഭാഷയുടെ നിസർഗശക്തികളും ഉയർന്നു വരാനുള്ള സാധ്യതകളുണ്ട്. ആ

സാധ്യതകൾ തേടുക എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെ ഒരു പേപ്പർ ഉൾപ്പെടുത്തിയിട്ടുള്ളത്.

**യൂണിറ്റ്** – 1

വിവർത്തനം – പ്രായോഗികപരിശീലനം – വാക്യങ്ങൾ, ഖണ്ഡികകൾ, പരസ്യ വാചകങ്ങൾ, സാങ്കേതികപദാവലി, സാഹിത്യപദാവലി, ശൈലികൾ, കവിതാ ഭാഗങ്ങൾ, ഗദ്യഭാഗങ്ങൾ മുതലായവയുടെ വിവർത്തനം (മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കും തിരിച്ചും) ക്ലാസ് മുറിയിൽ ശീലിപ്പിക്കണം. അതിനായി ഗൃഹപാഠം ചെയ്യാനുള്ള അഭ്യാസ ഭാഗങ്ങൾ അധ്യാപകർ വിദ്യാർത്ഥികൾക്കു നൽകണം. വിദ്യാർത്ഥികൾ വിവർത്തനം ചെയ്ത പാഠഭാഗങ്ങൾ ചർച്ചാവിധേയമാക്കുകയും ഇങ്ങനെ വിവർത്തനത്തോട് ആഭിമുഖ്യമുണ്ടാക്കിയതിനു ശേഷമേ സിദ്ധാന്തങ്ങളിലേക്കു പോകേണ്ടതുള്ളൂ.

**യൂണിറ്റ്** – 2

സ്രോതഭാഷ – ലക്ഷ്യഭാഷ – വിവർത്തനത്തിന്റെ ആവശ്യകത (വിവർത്തന സംബന്ധിയായ മറ്റു സംജ്ഞകൾ

വിവർത്തനം: ശാസ്ത്രം, കല, കൈവിരുത്, വ്യാഖ്യാനം, അർത്ഥാദേശം (transference), പുനഃസൃഷ്ടി (Transcreation)

വിവർത്തനത്തിന്റെ പ്രകാരങ്ങൾ (types of Translatlon) – വിവർത്തന പ്രക്രിയ, –വിവർത്തകനുണ്ടാകേണ്ട ഗുണങ്ങൾ.

വിവർത്തപഠനം സംസ്കാരപഠനമെന്നനിലയിൽ.

**വിശേഷപഠനം**

തർജ്ജുമ: സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ, എഡി. സ്കറിയാ സക്കറിയ, ജയാ സുകുമാരൻ – ഇത് അടിസ്ഥാന ഗ്രന്ഥമായി പരിഗണിക്കുക.

വിവർത്തനവും സംസ്കാരപഠനവും, സാഹിതി മലയാള വിഭാഗം കൂട്ടായ്മ, പയ്യന്നൂർ കേന്ദ്രം; ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല (സാമാന്യ പഠനം)

ഈ പുസ്തകത്തിലെ താഴെ പറയുന്ന ലേഖനങ്ങൾ പ്രധാനം;

വിവർത്തനം സംസ്കാരം

അധികാരം സച്ചിദാനന്ദൻ

തർജമപഠനം സംസ്കാരപഠനമാകുമ്പോൾ– ഡോ. സ്കറിയാ സക്കറിയ

**യൂണിറ്റ് – 3**

സമാനതയുടെ പ്രശ്നങ്ങൾ (Problems of Equivalence) പാഠസമമൂല്യത (Textual Equivalence) – രൂപമൂല്യതാ വിവർത്തനം (formal Equivalent Translation) ചലനാത്മക തുല്യതാ വിവർത്തനം (Dynamic Equivalent Translation) ശൈലീ സമമൂല്യത (Stylistic Equivalence) – വിവർത്തനസമമൂല്യത (Translallon Equivalence) സമമൂല്യതയുടെ അഭാവം (Nl Equivalence) – വ്യാകരണ സമ മൂല്യത വിവർത്തനീയതയുടെ പരിമിതികൾ – മലയാളത്തിലെ വിവർത്തന സാഹിത്യം അവലോകനം – വിവർത്തനത്തിലെ സാംസ്കാരിക പ്രശ്നങ്ങൾ – ഭാഷയും സാമൂഹിക സാംസ്കാരിക മേഖലകളും – മൂലഭാഷാ സംസ്കാരം – ലക്ഷ്യ ഭാഷാസംസ്കാരം. വൈജ്ഞാനികപാഠങ്ങളുടെ വിവർത്തനം – സർഗാത്മക പാഠങ്ങളുടെ വിവർത്തനം– കാവ്യവിവർത്തനത്തിലെ പ്രശ്നങ്ങൾ.

**യൂണിറ്റ് – 4**

വിവർത്തനചരിത്രം – ഇന്ത്യൻ ഭാഷകളിലെ വിവർത്തനങ്ങൾ – വിദേശ ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങൾ.

**യൂണിറ്റ് – 5**

കവിത, നാടകം, കഥ, നോവൽ എന്നീ സാഹിത്യരൂപങ്ങളിൽ പെടുന്ന കൃതി കൾ വിവർത്തനം ചെയ്യുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ അറിയുവാൻ വ്യത്യയാക പഠനം (Contrasflve study) ഉപകരിക്കും. ഗീതാഞ്ജലി (ഇംഗ്ലീഷ്) രബീന്ദ്രനാഥ ടാഗോർ (സവിശേഷതകൾ ഉള്ള 5 കവിതകൾ എടുക്കുക)

ഗീതാഞ്ജലി – ജി. ശങ്കരക്കുറുപ്പ് (എടുക്കുന്ന5 കവിതകളുടെ പരിഭാഷ)

മേഘദൂത് മേഘസന്ദേശം – കാളിദാസൻ

ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്– വൈക്കം മുഹമ്മദ് ബഷീർ

രാപ്പാടിയോട്– സുഗതകുമാരി

me grandad 'ad an elephant– R.E. Asher

Ode to Nightingale– John Keats–വിവ, തിരുനല്ലൂർ കരുണാകരൻ

**സഹായകഗ്രന്ഥങ്ങൾ**

അനിതകുമാരി.ടി. ഡോ, (ജന: എഡിറ്റർ), 2018, വിവർത്തന താരതമ്യ പഠനത്തിലെ നൂതന പ്രവണതകൾ, മലയാള സർവകലാശാല, തിരൂർ.

ആഷർ, ആർ.ഇ., മലയാളഭാഷാസാഹിത്യ പഠനങ്ങൾ.

ആർസു, വിവർത്തനവിചിന്തനം.

എഴുത്തച്ഛൻ, കെ.എൻ., തിരുക്കുറളും കൂട്ടുകാരും, സമീക്ഷ.

കാരശ്ശേരി, എം.എൻ., മലയാളിയും പരിഭാഷയും (ആലോചന),

കോശി, കെ.എ., ഭാഷയും ഭാഷാന്തരണവും, കോട്ടയം, ഡി.സി. ബുക്സ്.

ജയാ സുകുമാരൻ, ഡോ., ബംഗാളി നോവലുകൾ മലയാളത്തിൽ.

പബോധചന്ദ്രൻ നായർ, വി.ആർ., വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര ഭൂമിക, തിരുവനന്തപുരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമകൃഷ്ണൻ, ദേശമംഗലം, കവിതയുടെ ഭൂഖണ്ഡങ്ങൾ, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

വിശ്വനാഥ അയ്യർ, എൻ.ഇ., വിവർത്തനവിചാരം.

സച്ചിദാനന്ദൻ, 2006, പടിഞ്ഞാറൻ കവിതകൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്.

സച്ചിദാനന്ദൻ, 2012, മൂന്നാം ലോക കവിത, കാഴിക്കോട്: മാതൃഭൂമി ബുക്സ്.

സാഹിത്യാദാനം, എൻ.കെ. ദാമോദരൻ സ്മരണിക,

സോമനാഥൻ.പി, 2014, വിവർത്തനപാഠങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

റോസി തമ്പി, ബൈബിൾ പരിഭാഷകൾ,

അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ

(വിവർത്തകന്റെ മനശാസ്ത്രം എന്ന ലേഖനം)

ചങ്ങമ്പുഴ, കേസരി ബാലകൃഷ്ണപിള്ള, നാലപ്പാട്ടു നാരായണമേനോൻ മുതലായ

വർ വിവിധവിവർത്തനങ്ങൾക്കെഴുതിയ ആമുഖങ്ങൾ.

Bassnett, Susan, and Harlsh Trivedl. (Eds) 2012. Postcolonial Translation: Theory

and Practice (Translation Studies), Routledge.

Bassnett, Susan, 2002. Tanslation Studies, Taylor Francis Group.

Benjamin, Walter 1968. Illuminations : Essays and Reflections. Harcourt. Brace & World

Cofford, JC,1965, A Linguistic Theory of Translation, Oxford University Press,

സൂചനഃ

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്ത പഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ1 | ഭാഷയും വിവർത്തനവും – സാഹിതീയവും വൈജ്ഞാനികവുമായ വിവർത്തന പ്രക്രിയയിലൂടെ സ്വഭാഷയുടെ നിസർഗശക്തികളും ഉയർന്നു വരാനുള്ള സാധ്യതകൾ കണ്ടെടുക്കുക . | 2<br>1<br>4 | 1<br>2<br>3 | RE<br>UN<br>AN | F<br>C | 12 | 0 |
| സി.ഒ 2 | സാങ്കേതികത, ശാസ്ത്രം, അക്കാദമികം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലുള്ള വിവർത്തന പ്രക്രിയകളെ അറിയുക. വിവർത്തന സിദ്ധാന്ത ങ്ങൾ ആഴത്തിൽ പഠിക്കുക. | 1<br>2<br>3<br>4 | 2<br>3<br>5 | RE<br>UN<br>AN<br>EV | F<br>C | 12 | 0 |
| സി.ഒ 3 | വിദേശ ഇന്ത്യന് ഭാഷകളിലെ വിവർത്തന ചരിത്രവും ഭാഷാ ചരിത്രവും വിവർത്തന സമീപനങ്ങളും അപഗ്രഥന വിധേയമാക്കുക. | 1<br>3<br>4 | 2,1,<br>4,6 | AN<br>RE | F<br>C | 12 | 0 |
| സി.ഒ 4 | ഭാഷാസാങ്കേതികതയിലധിഷ്ഠിതമായ വിവർത്തന സങ്കല്പനങ്ങൾ രൂപീകരിക്കുക. | 1<br>2<br>3 | 1,2<br>4<br>5 | RE<br>UN<br>AN<br>RE | F<br>C | 12 | 0 |
| സി.ഒ 5 | ഭാഷ, സാങ്കേതികത, നിഘണ്ടു എന്നിവ രൂപപ്പെടുത്തുന്നതിൽ വിവർത്തനത്തിനുള്ള സാധ്യത, സാങ്കേതിക വിവർത്തനം, യന്ത്രവിവർത്തനം. | 2<br>3<br>4 | 1<br>5<br>6 | RE<br>UN<br>AN<br>RE | F<br>C | 12 | 0 |
| സി.ഒ 6 | മാതൃഭാഷാവികസനത്തിൽ തർജമയ്ക്കുള്ള പ്രസക്തി തിരിച്ചറിയുക. | 1<br>2<br>3 | 4<br>5 | AN<br>UN<br>RE | F<br>C | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി<br>(Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം**<br>(Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

സെമസ്റ്റർ – 2

**മുഖ്യവിഷയം:**

## MULS C 2210
# വ്യാകരണം
( 4 ക്രെഡിറ്റ് )

**പാഠ്യവിഷയഫലപ്രാപ്തി :**

CO 1 വർണതലത്തെക്കുറിച്ചും അക്ഷരം, ലിപി മുതലായവയുടെ അടിസ്ഥാന സ്വഭാവങ്ങളെക്കുറിച്ചും മനസിലാക്കുന്നു.

CO 2 ഭാഷയുടെ ഘടനാപരമായ സവിശേഷതകൾ മനസിലാക്കുന്നു.

CO 3 ശബ്ദവിഭാഗത്തെക്കുറിച്ച് പൊതുവെയും നാമം, കൃതി, ഭേദകം എന്നീ വിഭാഗങ്ങളെക്കുറിച്ച് വിശേഷമായും ധാരണയുണ്ടാകുന്നു.

CO 4 വാക്യഘടനയെക്കുറിച്ചും പ്രയോഗനിയമങ്ങളെക്കുറിച്ചും മനസിലാക്കുന്നു.

CO 5 സന്ധി, സമാസം തുടങ്ങിയ വ്യാകരണ കാര്യങ്ങൾ മനസിലാക്കുന്നതിനും ഭാഷയിലെ നിലവിലെ വ്യാകരണനിയമങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും സാധിക്കുന്നു.

CO 6 ഭാഷാപരിണാമം, പരിണാമഹേതുക്കൾ സാംസ്കാരിക സ്വാധീനം എന്നിവ വിലയിരുത്താൻ സാധിക്കുന്നു

**പാഠ്യപദ്ധതി**

MULS C 2210 വ്യാകരണം

മലയാള പാരമ്പര്യ വ്യാകരണ സമീപനങ്ങളുടെ രീതികളും സ്വഭാവവും മനസ്സിലാക്കുക, ഭാഷാഘടനയുടെ സവിശേഷതകൾ പാരമ്പര്യ വ്യാകരണം എപ്രകാരമാണ് നിർവചിച്ചിരിക്കുന്നത് എന്നു തിരിച്ചറിയുക, വർത്തമാനകാല

ഭാഷയുടെ സവിശേഷതകൾ ഈ നിരീക്ഷണങ്ങളോട് എത്രമാത്രം കടപ്പെടുന്നു വെന്നും എങ്ങനെയെല്ലാം മാറിനിൽക്കുന്നുവെന്നും പരിശോധിക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ കോഴ്സിന്റെ ലക്ഷ്യം. ഏതെങ്കിലും വ്യാകരണഗ്രന്ഥത്തെ അടിസ്ഥാനമാക്കി പഠിക്കുക എന്നതിൽനിന്നു മാറി പ്രധാനപ്പെട്ട വ്യാകരണ ഗ്രന്ഥങ്ങളെയെല്ലാം സഹായഗ്രന്ഥങ്ങളായി സ്വീകരിച്ചുകൊണ്ടുള്ള പഠനമാണ് ഉദ്ദേശിക്കുന്നത്. നിയമങ്ങൾ കാരികാരൂപത്തിൽ ഓർമ്മിക്കണം എന്ന് ആഗ്രഹമുള്ളവർക്ക് കേരളപാണിനീയം അടിസ്ഥാനപുസ്തകമായി സ്വീകരി ക്കാവുന്നതാണ്. മലയാളവ്യാകരണ സവിശേഷതകൾ വിദ്യാർത്ഥികൾക്ക് മനസ്സിലാവുകയും, അതിൽത്തന്നെ സവിശേഷ ചർച്ച നടന്നിട്ടുള്ള കാര്യങ്ങളെ ക്കുറിച്ച് വിശദമായ അറിവുണ്ടാവുകയും ചെയ്യണം. വർണ്ണം, പദം, വാക്യം എന്നീ ഘടനാപരമായ വ്യത്യാസത്തെ മുൻനിർത്തിയുള്ള പാഠ്യവിഭജനമാണ് നടത്തി യിരിക്കുന്നത്. പദം എന്ന ചെറിയ ഏകകത്തിൽ ഉൾപ്പെടുത്താതെ സമാസ ത്തെയും സന്ധിയെയും വാക്യതലത്തിൽ ചേർത്തിരിക്കുന്നു. ഒന്നിൽക്കൂടുതൽ പദങ്ങളുടെ ചേരുവയുള്ളതിനാലും അവയ്ക്ക് ആകാംക്ഷയുമായി കുറച്ചുകൂടി നേരിട്ട് ബന്ധമുള്ളതിനാലുമാണ് ഇപ്രകാരം ചെയ്തത്. പഠന സൗകര്യത്തിനു വേണ്ടിയാണിത്.

## യൂണിറ്റ് -1

### വർണ്ണതലം

വർണ്ണം, അക്ഷരം , ലിപി എന്നിവ വിശദമാക്കുക. സ്വനം (Phone) എന്ന ഭാഷാ ശാസ്ത്രപരികല്പന, മലയാളത്തിലെ 'അ' കാരത്തെ സംബന്ധിച്ച ചർച്ച കൾ, ഉ്കാരം: സംവൃത- വിവൃത ഭേദം, സ്വരമാലയിൽ സ്ഥാനം പിടിച്ചിട്ടുളള 'ഌ, അം, അഃ' എന്നിവയുടെ സ്വഭാവം-വ്യഞ്ജനങ്ങൾ, മ്കാരവും അനുസ്വാരവും തമ്മിലുള്ള ബന്ധം, വർസ്യവർഗത്തിന്റെ സ്ഥാനം, സ്വഭാവം.

### പദതലം

പദനിർവചനം, രൂപം (Morph), അനുപ്രയോഗം എന്ന ഭാഷാശാസ്ത്ര പരികല്പനയുമായുള്ള ബന്ധം. നാമം, ക്രിയ, ഭേദകം , ദ്യോതകം എന്നിവയുടെ അടിസ്ഥാന സ്വഭാവം.

## യൂണിറ്റ് -2

### നാമം, ലിംഗം, വചനം

ദ്രവ്യനാമം, ക്രിയാനാമം, ഗുണനാമം എന്നിവയുടെ ഘടനാപരവും അർത്ഥ പരവുമായ വ്യത്യാസങ്ങൾ, ദ്രവ്യനാമത്തിന്റെവിഭജനം, സർവനാമത്തിന്റെ പിരിവുകൾ രൂപ ഭേദങ്ങൾ–നാമത്തോടു ചേരുന്ന പ്രത്യയങ്ങൾ.

പുല്ലിംഗ സ്ത്രീലിംഗ നപുംസകലിംഗ പ്രത്യയങ്ങൾ, വിഭിന്ന സ്ത്രീലിംഗ പ്രത്യയങ്ങൾ, അവയുടെ രൂപപരിണാമ കാരണങ്ങൾ, നപുംസകലിംഗ പ്രത്യയത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾ.

ഏകവചനം, ബഹുവചനം, പൂജകബഹുവചനം എന്നിവയുടെ ഘടനാപരവും ആർത്ഥികവുമായ വ്യത്യാസങ്ങൾ, പൂജകൈകവചനം എന്ന പരികല്പനയുടെ പ്രസക്തി, ബഹുവചനങ്ങൾ, നാമപ്രകൃതിയോടു ചേരുമ്പോൾ ഉണ്ടാകുന്ന പരിണാമങ്ങൾ.

**യൂണിറ്റ് –3**

**വിഭക്തി, തദ്ധിതം**

വിഭക്തി സംജ്ഞയെ സംബന്ധിച്ച ചർച്ച, നിർവചനം, സംബന്ധിക വിഭക്തിയാണോ? വിഭക്തി പ്രത്യയങ്ങൾ, പ്രത്യയങ്ങൾക്കുണ്ടാകുന്ന രൂപമാറ്റങ്ങൾ, പ്രത്യയം ചേർക്കാതെ വരുന്ന വിഭക്തി രൂപങ്ങൾ, കാരകങ്ങൾ, വിഭക്ത്യാഭാസം.

തദ്ധിതം – നിർവചനം, വിഭിന്ന തദ്ധിതരൂപങ്ങൾ.

**യൂണിറ്റ് – 4**

**ക്രിയ**

ക്രിയ – പൂർണ്ണം – അപൂർണ്ണം, അകർമ്മകം – സകർമ്മകം, കേവലം – പ്രയോജകം എന്നീ വിഭജനങ്ങൾ. പൂർണ്ണക്രിയ – കാലപ്രത്യയങ്ങൾ, വിഭിന്ന ഭൂതകാല പ്രത്യയങ്ങൾ, പ്രകൃതിയുമായി കാലപ്രത്യയങ്ങൾ ചേരുമ്പോഴുണ്ടാകുന്ന പരിണാമങ്ങൾ, വർത്തമാനകാല പ്രത്യയത്തിന്റെ ഉൽപത്തിയെ സംബന്ധിച്ചുണ്ടായിട്ടുളള ചർച്ചകൾ.

പ്രകാരം – നിർവചനം, വിഭിന്ന പ്രകാരങ്ങൾ, പ്രത്യയങ്ങൾ – പ്രയോഗം – ഭിന്ന പ്രയോഗങ്ങൾ, കർമ്മണി പ്രയോഗത്തിന്റെ പ്രസക്തി– കേവലം–പ്രയോജകം എന്ന ക്രിയാവിഭജനം, കർമ്മയോഗം, കർതൃജകർമ്മകം എന്നീ പരികല്പനകൾ, പ്രയോജക പ്രത്യയങ്ങൾ.

അപൂർണ്ണക്രിയ – പേരെച്ചം, വിനയെച്ചം, പ്രത്യയങ്ങൾ, വിഭജനങ്ങൾ, പെരുമാറ്റ രീതികൾ. ഭേദകം–നിർവചനവും വിഭജനവും, ദ്യോതകം നിർവചനം, നിപാതം, അവ്യയം, ഗതി, ഘടകം, വ്യാക്ഷേപകം തുടങ്ങിയ വിഭജനങ്ങൾ.

## യൂണിറ്റ് – 5

### വാക്യതലം

വാക്യം ഒരു ഏകകമെന്ന നിലയിൽ, പ്രസക്തി, നിർവചനം, ആകാംക്ഷ, വിഭിന്നവാക്യങ്ങൾ, മലയാളവാക്യത്തിലെ പദവിന്യാസപരമായ സവിശേഷതകൾ, പൊരുത്തം, വിധി നിഷേധ വാക്യങ്ങൾ, നിഷേധപ്രത്യയം.

സമാസം; നിർവചനം, വ്യത്യസ്ത സമാസങ്ങൾ. സന്ധി; നിർവചനം, വിഭജനം, മലയാളഭാഷയിൽ വരുന്ന സാംസ്കാരികമായ പരിണാമങ്ങൾ, പദതലത്തിലും വാക്യതലത്തിലും സംഭവിക്കുന്ന പരിണാമങ്ങൾ, പുതിയ സാംസ്കാരികാവസ്ഥ രേഖപ്പെടുത്തുന്ന പദങ്ങളും പദസംയുക്തങ്ങളും കണ്ടെത്തുക, ഇംഗ്ലീഷിന്റെ സ്വാധീനഫലമായി മലയാളത്തിനുണ്ടാകുന്ന പരിണാമങ്ങൾ വിലയിരുത്തുക. വ്യവഹാരമെന്ന നിലയിൽ ഭാഷയ്ക്കുണ്ടാകുന്ന എല്ലാമാറ്റങ്ങളെക്കുറിച്ചുമുള്ള ബോധം വിദ്യാർത്ഥികൾക്കുണ്ടാക്കുക.

### സഹായകഗ്രന്ഥങ്ങൾ


അച്ചുതവാര്യർ,1995, വ്യാകരണപഠനം, മാളുബൻ, തിരുവനന്തപുരം.

ആന്റണി, സി. എൽ,1994, കേരളപാണിനീയഭാഷ്യം, ഡി.സി.ബുക്സ്,കോട്ടയം.

ഇളംകുളം ( വ്യാഖ്യാ ), ലീലാതിലകം.

ഉണ്ണി ആമപ്പാറയ്ക്കൽ, 2017, മലയാളവ്യാകരണം; സംവാദങ്ങൾ സമന്വയങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കുട്ടികൃഷ്ണമാരാർ, 1985, ഭാഷാപരിചയം, മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്.

ഗുണ്ടർട്ട്, 2014, മലയാളഭാഷാവ്യാകരണം, നാഷണൽബുക്സ്റ്റാൾ, കോട്ടയം.

ഗോദവർമ്മ, കെ, 1971, കേരളഭാഷാവിജ്ഞാനീയം, കേരളസർവ്വകലാശാല, തിരുവനന്തപുരം.

പാച്ചുമൂത്തത് വൈക്കത്ത്, 1981, കേരളഭാഷാവ്യാകരണം, മദിരാശി സർവകലാശാല.

പ്രഭാകരവാരിയർ, കെ.എം, 1982, പൂർവകേരളഭാഷ, മദിരാശി സർവകലാശാല.

പ്രഭാകരവാരിയർ,കെ.എം, 2007, മലയാളം മാറ്റവും വളർച്ചയും, ശുകപുരം, വള്ളത്തോൾ വിദ്യാപീഠം .

മാത്തൻ, ജോർജ്, (റവ),1969, മലയാഴ്മയുടെവ്യാകരണം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം .

മൂസ്സത്, എൻ. എൻ,1984, വ്യാകരണവിവേകം, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

രാജരാജവർമ്മ, ഏ. ആർ,1996, കേരളപാണിനീയം, ഡിസിബുക്സ്, കോട്ടയം.

രാമചന്ദ്രൻ,പുതുശ്ശേരി,ഡോ., 1986, കേരളപാണിനീയവിമർശം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ശേഷഗിരിപ്രഭു, എം, 1983, വ്യാകരണമിത്രം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

സുകുമാരപ്പിള്ള,കെ, 1980, കൈരളീശബ്ദാനുശാസനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

റോബർട്ട്ഡ്രുമണ്ട്, 2002, ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

**സൂചന:**

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്ത പഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ 1 | വർണതലത്തെക്കുറിച്ചും അക്ഷരം, ലിപി മുതലായവയുടെ അടിസ്ഥാന സ്വഭാവങ്ങളെക്കുറിച്ചും മനസിലാക്കുന്നു. | 1 | 1 2 5 | Un | Fa | *12 | **0 |
| സി.ഒ 2 | ഭാഷയുടെഘടനാപരമായ സവിശേഷതകൾ മനസിലാക്കുന്നു | 2 | 1, 2 5 | Un | Fa | 12 | 0 |
| സി.ഒ 3 | ശബ്ദവിഭാഗത്തെക്കുറിച്ച് പൊതുവെയും നാമം, കൃതി, ഭേദകം എന്നീ വിഭാഗങ്ങളെക്കുറിച്ച് വിശേഷമായും ധാരണയുണ്ടാകുന്നു. | 1 2 | 3 5 | Un An | Fa | 12 | 0 |
| സി.ഒ 4 | വാക്യഘടനയെക്കുറിച്ചും പ്രയോഗനിയമങ്ങളെക്കുറിച്ചും മനസിലാക്കുന്നു. | 1 2 | 1, 3 5 | Un | | 12 | 0 |
| സി.ഒ 5 | സന്ധി, സമാസം തുടങ്ങിയ വ്യാകരണകാര്യങ്ങൾ മനസിലാക്കുന്നതിനും ഭാഷയിലെ നിലവിലെ വ്യാകരണനിയമങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും സാധിക്കുന്നു. | 1 2 3 | 1 3 5 | Un Re An Ev | Fa Pr | 12 | 0 |
| സി.ഒ 6 | ഭാഷാപരിണാമം, പരിണാമഹേതുക്കൾ സാംസ്കാരികസ്വാധീനം എന്നിവ വിലയിരുത്താൻ സാധിക്കുന്നു. | 1 2 3 | 1 3 5 | Un An Ev | Fa Pr | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

# സെമസ്റ്റർ – 3

**സെമസ്റ്റർ – 3**

മുഖ്യവിഷയം:

MULS C 2311

# സാഹിത്യവിമർശനതത്ത്വങ്ങൾ

(4 ക്രെഡിറ്റ്)

**പാഠ്യവിഷയഫലപ്രാപ്തി**

| | |
|---|---|
| CO 1 | സാഹിത്യവിമർശനത്തിന്റെ പ്രസക്തിയും യവനസാഹിത്യചിന്തകരുടെ സിദ്ധാന്തങ്ങളും മനസിലാക്കുക. |
| CO 2 | സാഹിത്യത്തെ അതിലുള്ളടങ്ങിയിട്ടുള്ള മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ സാധിക്കുക. |
| CO 3 | പാശ്ചാത്യ സാഹിത്യതത്ത്വചിന്തയുടെ പ്രാരംഭം മുതൽ ഉത്തരാധുനിക സിദ്ധാന്തങ്ങൾ വരെയുള്ള പരിണാമവും വികാസവും മനസിലാക്കുക. |
| CO 4 | ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളെക്കുറിച്ച് മനസിലാക്കുക. |
| CO 5 | പാശ്ചാത്യപൌരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ താരതമ്യം ചെയ്ത് മനസിലാക്കുക. |
| CO 6 | വൃത്താലങ്കാര ശാസ്ത്രത്തിൽ അറിവു നേടുക. സാഹിത്യ സൃഷ്ടികളെ സൌന്ദര്യാത്മകമായി സമീപിക്കുക. |

**പാഠ്യപദ്ധതി:**

MULS C 2311 സാഹിത്യവിമർശനതത്ത്വങ്ങൾ

**യൂണിറ്റ് – 1**

സാഹിത്യവിമർശനത്തിന്റെ പ്രസക്തി, സൃഷ്ടി – ആസ്വാദനം – വിമർശനം – യവനകാവ്യചിന്ത – അനുകരണവാദം – പ്ലേറ്റോയിൽ നിന്ന് അരിസ്റ്റോട്ടിലിലൂടെ നിയോക്ലാസിക് വിമർശകരിലെത്തുമ്പോൾ അനുകരണ സങ്കല്പത്തിനു വരുന്ന–മാറ്റം ട്രാജഡിയെക്കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ പ്രധാന നിരീക്ഷണങ്ങൾ. ലോംഗിനസ് ഉദാത്തതയെക്കുറിച്ചുന്നയിക്കുന്ന വാദങ്ങൾ –

അവയുടെ കാല്പനിക സ്വഭാവം –കവിത ആത്മാവിഷ്കാരമാണെന്ന വാദം, വേർഡ്സ് വർത്ത് – കോളറിഡ്ജ് കാവ്യഭാഷ – ഭാവന എന്നിവയെക്കുറിച്ചുള്ള ഉപദർശനങ്ങൾ – ക്രോച്ചെയുടെ ആവിഷ്കാരവാദത്തിന്റെ കാല്പനിക സ്വഭാവം.

**യൂണിറ്റ് –** 2

സാഹിത്യത്തെയും മൂല്യങ്ങളെയും കുറിച്ചുള്ള മാത്യൂ അർണോൾഡിന്റെയും ടോൾസ്റ്റോയിയുടെയും നിരീക്ഷണങ്ങൾ – നികഷോപലസിദ്ധാന്തം – കേവല സൗന്ദര്യവാദം (കല കലയ്ക്കു വേണ്ടി). സാഹിത്യ വിമർശനത്തിലെ നിർവ്യക്തി ഗതവാദം – ഐ.എ.റിച്ചെഡ്സ് –സെയ്നേസ്തസിസ് – ടി. എസ്. എലിയട്ട് – മനസ്സെന്ന രാസത്വരകം – വസ്തുസംയോജകം– ജോൺ ക്രോ റാൻസം –ന്യൂ ക്രിട്ടിസിസം – ഭാഷാനിഷ്ഠവിമർശനങ്ങൾ സ്ട്രക്ചറലിസം – ഡീകൺ സ്ട്രക്ഷൻ.

**യൂണിറ്റ് –**3

ഫ്രോയിഡ്, യുങ്, ലക്കാൻ എന്നിവരുടെ മനശ്ശാസ്ത്ര സമീപനം – ഉത്തരാധു നിക സിദ്ധാന്തങ്ങൾ – ഫെമിനിസം – പോസ്റ്റ്കൊളോണിയലിസം – സാംസ്കാ രികവിമർശനം – നവചരിത്രവാദം – നിയോമാർക്സിയൻ കാഴ്ചപ്പാടുകൾ (ഇവയുടെ വിശദാംശങ്ങൾ ഒഴിവാക്കി അടിസ്ഥാന ആശയങ്ങൾ ഗ്രഹിക്കുക).

**യൂണിറ്റ്** –4

ദ്രാവിഡ കാവ്യമീമാംസ തിണസങ്കല്പം കവിതയെക്കുറിച്ചുള്ള ഭാരതീയ സങ്കല്പനം – കാവ്യഹേതുക്കൾ – കാവ്യപ്രയോജനം. രസം, ധ്വനി, രീതി, അലങ്കാരം, വക്രോക്തി എന്നീ വിമർശപദ്ധതികൾ. പ്രസക്തമായ സന്ദർഭ ങ്ങളിൽ ഭാരതീയവും പാശ്ചാത്യവുമായ സിദ്ധാന്തങ്ങളെ താരതമ്യപ്പെടുത്തുക.

**യൂണിറ്റ് –** 5

വൃത്തവും അലങ്കാരവും ഛന്ദശ്ശാസ്ത്രത്തിൽ ദ്രാവിഡവൃത്തങ്ങളും സംസ്കൃത വൃത്തങ്ങളും പരിചയപ്പെടണം. കാകളീഗോത്ര വൃത്തങ്ങൾ, തുള്ളൽ വൃത്തങ്ങൾ– അനുഷ്ടുപ്പ്, സ്രഗ്ദ്ധര, മന്ദാക്രാന്ത, ശാർദ്ദൂലവിക്രീഡിതം, കുസുമമഞ്ജരി, ദണ്ഡകം മുതലായ സംസ്കൃതവൃത്തങ്ങൾ. അലങ്കാരശാസ്ത്രത്തിൽ പ്രധാന മായി പഠിക്കേണ്ട സാമ്യമൂലകാലങ്കാരങ്ങൾ.

**സഹായകഗ്രന്ഥങ്ങൾ**


അച്ചുതൻ,എം., പാശ്ചാത്യസാഹിത്യദർശനം.

അച്ചുതനുണ്ണി, ചാത്തനാത്ത്, വക്രോക്തിയുടെ  വൈചിത്ര്യങ്ങൾ.

അച്ചുതനുണ്ണി, ചാത്തനാത്ത്, രസധ്വനി വിമർശാത്മകസമീപനം.

അച്ചുതനുണ്ണി,ചാത്തനാത്ത്, ഭാരതീയസാഹിത്യദർശനം.

അച്ചുതനുണ്ണി, ചാത്തനാത്ത്, സാഹിത്യമീമാംസ:താരതമ്യപരിപ്രേക്ഷ്യം.

അച്ചുതനുണ്ണി, ചാത്തനാത്ത്, അലങ്കാരശാസ്ത്രം മലയാളത്തിൽ.

അയ്യപ്പപ്പണിക്കർ, ഇന്ത്യൻ സാഹിത്യസിദ്ധാന്തങ്ങൾ,തത്വവും പ്രസക്തിയും,

ഉണിത്തിരി, എൻ.വി.പി. ഡോ.,വക്രോക്തി കാവ്യജീവിതം.

കുട്ടികൃഷ്ണമാരാർ, 1991, സാഹിത്യഭൂഷണം, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, കേരളസാഹിത്യ അക്കാദമി.

ഭരതമുനിയുടെ നാട്യശാസ്ത്രം.

കൃഷ്ണചൈതന്യ, സംസ്കൃതത്തിലെ സാഹിത്യതത്ത്വചിന്ത.

കൃഷ്ണൻ നായർ, ബി.കെ.ഡോ ., രസകൗമുദി.

തരകൻ, കെ. എം.ഡോ ., പാശ്ചാത്യ സാഹിത്യതത്ത്വശാസ്ത്രം.

തോമസ് മാത്യു, എം., സാഹിത്യദർശനം,

നാരായണപിള്ള, പി.കെ., കൈരളീധ്വനി.

നാരായണക്കുറുപ്പ്,പി.,മലയാളവൃത്തപഠനം

**സൂചന:**

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്തപഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ 6 | ആധുനിക കേരളത്തിന്റെ രൂപീകരണ പ്രക്രിയയിലെ പരിണാമ ഘട്ടങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക. | 2 3 4 | 1,2,3,4,5 | RE UN AP EV | F C P | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം**<br>(Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

* നാല് ക്രെഡിറ്റുള്ള കോഴ്സുകളുടെ സിദ്ധാന്തപഠന സമയം 72 മണിക്കൂറിൽ കവിയരുത്.

** പ്രയോഗം/ലാബ്/മണ്ഡല സമയം (ഉണ്ടെങ്കിൽ) അനുബന്ധ ഭാഗത്ത് ചേർക്കുക.

സെമസ്റ്റർ – 4

മുഖ്യവിഷയം:

MULS C 2419

# ഗവേഷണ പ്രബന്ധവും രീതിശാസ്ത്രവും

(ക്രെഡിറ്റ് 4)

പാഠ്യവിഷയഫലപ്രാപ്തി:

CO 1 ഗവേഷണ പ്രബന്ധ രചനയുടെ തത്വങ്ങൾ

CO 2 ഔപചാരിക ഗവേഷണത്തിന്റെ ചരിതം, രീതിശാസ്ത്രത്തിന്റെ അനിവാര്യത

CO 3 ഗവേഷണം നിർവചനം – യുക്തിബദ്ധത – ശാസ്ത്രീയത

CO 4 തീസിസിന്റെ രൂപവത്കരണം.

CO 5 പ്രബന്ധ രചനയുടെ തത്വങ്ങൾ

CO 6 അനുയോജ്യമായ രീതിശാസ്ത്രത്തിന്റെ കണ്ടെത്തൽ

**കോഴ്സ് ഉള്ളടക്കം:**

പാഠ്യപദ്ധതി

MULS C 2418 ഗവേഷണ പ്രബന്ധവും രീതിശാസ്ത്രവും

ഗവേഷണ പ്രബന്ധ രചനയുടെ തത്വങ്ങൾ ഗ്രഹിക്കുക, അവ ഔചിത്യ ബോധത്തോടെ പാലിക്കുക മുതലായ കാര്യങ്ങളാണ് ഈ പേപ്പർകൊണ്ടു ദ്ദേശിക്കുന്നത്.

**യൂണിറ്റ് –1**

അനൗപചാരിക ഗവേഷണം മലയാളത്തിൽ – ഔപചാരിക ഗവേഷണ ത്തിന്റെ ചരിത്രം , രീതിശാസ്ത്രത്തിന്റെ അനിവാര്യത.

**യൂണിറ്റ് – 2**

ഗവേഷണം നിർവചനം – യുക്തിബദ്ധത – ശാസ്ത്രീയത – വിഷയം കണ്ടെത്തൽ– പ്രാഥമികമായ അന്വേഷണം – ഹൈപ്പോത്തെസിസിന്റെ രൂപവത്ക്കരണം.

**യൂണിറ്റ് – 3**

ദത്തത്തിന്റെ ആകരങ്ങൾ – ഗവേഷണവായനകുറിപ്പ് തയ്യാറാക്കൽ – വസ്തുതാസംഭരണം – വസ്തുതകളുടെ അപഗ്രഥന, ഗ്രാഹ്യ വിവേചനത്തോടുകൂടി ആശയങ്ങളുടെ തെരഞ്ഞെടുപ്പ് – ഉദ്ഗ്രഥനം – ഹൈപ്പോതിസിസിന്റെ ആശയപരമായ വികസനവും പുഷ്ടിപ്പെടുത്തലും തീസിസിന്റെ രൂപവത്കരണം.

**യൂണിറ്റ് – 4**

സിനോപ്സിസ് തയ്യാറാക്കൽ – അദ്ധ്യായവിഭജനം – ആമുഖം – അദ്ധ്യായങ്ങൾ ഉപദർശനങ്ങള്. അദ്ധ്യായങ്ങൾ തമ്മിലുള്ള ജൈവബന്ധം – ഖണ്ഡികകൾ (തമ്മിലുള്ള യുക്തിപരമായ ബന്ധം – ഭാഷയുടെ നിഷ്കൃഷ്ടത.

**യൂണിറ്റ് – 5**

പരാമർശ സൂചകങ്ങൾ – കുറിപ്പുകൾ – ഗ്രന്ഥസൂചി. ഈ അടിസ്ഥാന തത്ത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ഓരോ വിഷയത്തിനും അനുയോജ്യമായ രീതിശാസ്ത്രത്തിന്റെ കണ്ടെത്തൽ.

**സഹായകഗ്രന്ഥങ്ങൾ**

അച്യുതനുണ്ണി, ചാത്തനാത്ത്, ഗവേഷണ പ്രബന്ധരചനയുടെ തത്ത്വങ്ങൾ.

അനിതകുമാരി, ടി. ഡോ., രാധാകൃഷ്ണൻ ഇളയിടത്ത് ഡോ., 2017, ഗവേഷണ പഠനവും രീതിശാസ്ത്രവും, തിരൂർ, മലയാള സർവകലാശാല.

ഗോപാലകൃഷ്ണൻ, നടുവട്ടം, ഗവേഷണ രീതിശാസ്ത്രം.

പ്രഭാകരവാരിയർ, കെ.എം., ഗവേഷണപദ്ധതി.

ബഞ്ചമിൻ, ഡി. ഡാ., സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം.

വിജയപ്പൻ, പി.എം., പാഠ വിമർശനം.

വിഷ്ണുനമ്പൂതിരി, എം.വി., ഗവേഷണപ്രവേശിക.

Altick, Richard Daniel, 1993, The Art of Literary Research, ww Norton & Co.

Bateson, F.W., 1972, The Scholar Critic: An Introduction to literary Research, London: Routledge.

James Thrope (Ed.).1970. The Alms and Methods of scholarship. Modern Language Association.

Srivastava, Prakash. G.N., 1994. Advanced Research Methodology, Radha Publications.

(പ്രബന്ധ സമർപ്പണം നാലാം സെമസ്റ്ററിന്റെ അവസാനത്തിൽ പ്രധാന പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട, ഗവേഷണ സ്വഭാവമുള്ള ഒരു പ്രബന്ധം (35 പുറത്തിനും 50 പുറത്തിനും ഇടയ്ക്ക്) ഡി.ടി.പി. ചെയ്ത് സമർപ്പിക്കണം. പഠനവിഭാഗത്തിലെ അദ്ധ്യാപകനായിരിക്കണം മാർഗ്ഗനിർദ്ദേശകൻ. ഗവേഷ ണത്തിന്റെ രീതിശാസ്ത്രം പാലിച്ചിരിക്കണം. ഗവേഷണപ്രബന്ധത്തിന്റെ ആദ്യ പേജുകളുടെ മാതൃക ചേർക്കുന്നു;

സൂചന:

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്തപഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ1 | ഗവേഷണ പ്രബന്ധ രചനയുടെ തത്വങ്ങൾ | 2 3 4 | Pso 1,2 | RE UN AN | F C | *12 | **0 |
| സി.ഒ2 | ഔപചാരികഗവേഷണത്തിന്റെ ചരിത്രം, രീതിശാസ്ത്രത്തിന്റെ അനിവാര്യത | 1 2 3 4 | Pso 2,3 | EV RE UN AN | F C | 12 | 0 |
| സി.ഒ3 | ഗവേഷണം നിർവചനം – യുക്തിബദ്ധത – ശാസ്ത്രീയത | 1 3 4 2 | Pso 2,3, 5 | AN EV | F C | 12 | 0 |
| സി.ഒ 4 | തീസിസിന്റെ രൂപവത്കരണം. | 1 2 3 4 | Pso 2,4 | AN EV RE | C P | 12 | 0 |
| സി.ഒ 5 | പ്രബന്ധ രചനയുടെ തത്വങ്ങൾ | 2 3 4 | Pso 3,4 | AN AP EV | C P | 12 | 0 |
| സി.ഒ 6 | അനുയോജ്യമായ രീതിശാസ്ത്രത്തിന്റെ കണ്ടെത്തൽ | 1 2 3 | Pso 2,3 | AN AP EV | C F | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

സെമസ്റ്റർ – **4**

മുഖ്യവിഷയം:

MU LS E 2420
**(ഇലക്ടീവ്** 3)

# കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും

( 4 ക്രെഡിറ്റ് )

**പാഠ്യവിഷയഫലപ്രാപ്തി:**

CO 1 കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ പരിണാമവും ചരിത്രവും മനസ്സിലാക്കുക ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെ വിശാലമായ ശ്രേണിയും പ്രതീക എൻകോഡിംഗും തിരിച്ചറിയുക.

CO 2 ആസ്ക്കി ഇസ്ക്കി യൂണികോഡ് ഘട്ടങ്ങൾ പോലെ കമ്പ്യൂട്ടർ ഭാഷാചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക.

CO 3 ബ്ലോഗുകൾ വിക്കി ഇ മലയാളം പോലുള്ള മലയാളം സൈബർ സാഹിത്യം വിശകലനം ചെയ്യുക. സോഷ്യൽ മീഡിയ, ഇ ബുക്ക്, ഇ ജേണലുകൾ പോലുള്ള നവമാധ്യമ സ്ട്രീമിൽ അറിവ് നേടുക.

CO 4 സോഷ്യൽ മീഡിയ ഇന്റർനെറ്റ് വാർ റൂമിനെക്കുറിച്ചും ഇവന്റ് മാനേജ്മെന്റിനെക്കുറിച്ചും വിമർശനാത്മക ചിന്ത വികസിപ്പിക്കുക.

CO 5 ഇ–മലയാളം ചരിത്രത്തിന്റെയും സമീപനങ്ങളുടെയും ഘട്ടങ്ങളും വികാസവും മനസ്സിലാക്കുക.

CO 6 മലയാളം ടൈപ്പിംഗും പുസ്തക പ്രസിദ്ധീകരണവും ഉള്ളടക്ക രചനയും മനസ്സിലാക്കുകയും പരിശീലിക്കുകയും ചെയ്യുക.

കോഴ്സ് ഉള്ളടക്കം:

പാഠ്യപദ്ധതി

MU LS E 2419 **കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും (ഇലക്ടീവ്** 3)

**യൂണിറ്റ് –**1

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ വികാസചരിത്രം

അഞ്ചുതലമുറ കമ്പ്യൂട്ടറുകൾ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ സാമാന്യപരിചയം – ക്യാരക്ടർ എൻകോഡിംഗുകൾ – മലയാളത്തിലെ ആസ്കി യൂനികോഡ് എൻകോഡിംഗുകൾ, ഭാഷാ സാങ്കേതികവിദ്യയുടെ ഘട്ട വിഭജനം – ആസ്കി കാലഘട്ടം – യൂനികോഡ് കാലഘട്ടം – സ്വതന്ത്രമലയാളം കമ്പ്യൂട്ടിംഗിന്റെ സംഭാവനകൾ യൂനികോഡ് ഫോണ്ടുകൾ – കൺവർട്ടർ ഉപകരണങ്ങൾ – ലിപ്യന്തരണം ഹാന്റ് റൈറ്റിംഗ് ഇൻപുട്ട് – വോയിസ് ഇൻപുട്ട് – ടെക്സ്റ്റ് ടു സ്പീച്ച് തുടങ്ങിയ വികാസങ്ങൾ – ആദ്യകാല വെബ്സൈറ്റുകൾ.

**യൂണിറ്റ് –**2

സൈബർ സാഹിത്യം

ബ്ലോഗുകൾ – വികാസചരിത്രം – ബ്ലോഗ് നിർമ്മാണം – സാമാന്യാവലോകനം –വിക്കിപീഡിയ – വിക്കി ഗ്രന്ഥശാല – വിക്കി പാഠശാല – വിക്കി നിഘണ്ടു – വിക്കി ചൊല്ലുകൾ – ചരിത്രം – മലയാളം വിക്കിപീഡിയ – ലേഖനങ്ങളുടെ സ്വഭാവം.

**യൂണിറ്റ് –**3

നവമാധ്യമങ്ങൾ

സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകൾ – ട്വിറ്റർ, ഫെയ്സ്ബുക്ക്, ലിങ്ക്ഡ് ഇൻ, ഗൂഗിൾ പ്ലസ്, യൂട്യൂബ് – ഇ–ജേർണലുകൾ – മാസികകൾ – ഹൈപ്പർ ലിങ്കുകൾ – ഉള്ളടക്കം – മുഖ്യധാരാമാധ്യമങ്ങളുമായുള്ള സ്വാധീനം

**യൂണിറ്റ് –**4

യന്ത്രവിവർത്തനം

ഇ–മലയാളം – ചരിത്രം – സമീപനങ്ങൾ – ഭാഷ അടിസ്ഥാനമാക്കി – നിഘണ്ടു അടിസ്ഥാനമാക്കി – പ്രധാനപ്രശ്നങ്ങൾ – ചിഹ്നഭാഷയുടെ പരിഭാഷ – കോപ്പി

റൈറ്റ് – മലയാളത്തിലെ യന്ത്ര വിവർത്തന സാധ്യതകൾ – സോഫ്റ്റ് വെയർ –ഫോണ്ട് – ലിപിവിന്യാസം – ലിപ്യന്തരണം – ഇ–ലോകം–ഇ–വായന – ഇ–ഭാഷാശാസ്ത്രം – ഇ–പുസ്തകങ്ങൾ – ഇ–ബുക്ക്റീഡറുകൾ

**യൂണിറ്റ് –5**

പ്രസാധനം : പ്രായോഗികം

ടൈപ്പിംഗ് – ടൈപ്പ് സെറ്റിങ്ങ് – ഫോണ്ടുകൾ – പേജ്മേക്കർ – ടൈപ്പ്ഇറ്റ് – യുണികോഡ് കൺവർട്ടിംഗ് – രൂപകൽപ്പന – പേജ്സെറ്റിംഗ് – ബുക്ക്മേക്കിംഗ് – പീരിയോഡിക്കൽ കവർ ഡിസൈനിംഗ് – ചരിത്രം – പരിണാമങ്ങൾ: ശങ്കരൻകുട്ടി മുതൽ സൈനുൽ ആബിദ് വരെ – പുറന്താൾ കുറിപ്പ് – വില നിർണയം – അച്ചടി – പ്രസാധനം – വിതരണം – പ്രമുഖ പ്രസാധകർ – രീതികൾ പ്രധാന പുസ്തകങ്ങൾ. ഇന്റേൺഷിപ്പിന്റെ ഭാഗമായി പ്രായോഗിക പ്രസാധനം, ഓൺലൈൻ പ്രസാധനം എന്നിവ ഉൾപ്പെടുത്തണം.

**സഹായക ഗ്രന്ഥങ്ങൾ**

അച്യുത് ശങ്കർ എസ്. നായർ, ഡോ., ഇൻഫർമേഷൻ ടെക്നോളജി, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഇഖ്ബാൽ, ബി. ഡോ., രവീന്ദ്രൻ, കെ., ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും, കോട്ടയം: ഡി.സി.ബുക്സ്.

(ജോസ്, കെ. മാനുവൽ. ഡോ. (എഡി.), നവമാധ്യമങ്ങൾ, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

സുനീത, ടി.വി. (എഡി.), 2009, സൈബർ മലയാളം, തൃശ്ശൂർ: കറന്റ്ബുക്സ്.

Marshall Lee, 2014, Book Making: Editing, Design, Production, w.w. Norton & Co.

Micheal Benedict (In Cyber Culture Reader, Editor: David Bell). 2000. Cyber Space.

First Steps (Article), London: Routedge.

http://ml.wikipedia.org

http://ml.wikisource.org

http://ml.wikibooks.org

http://ml.quote.org

The Impact of Electronic Publishing

സൂചന:

| സി. ഒ | പാഠ്യവിഷയഫലപ്രാപ്തി | പി. ഒ | പി. എ സ്. ഒ | സി. എൽ | കെ. സി | സി ദ്ധാ ന്തപ ഠനം | പ്രയോ ഗം/ലാ ബ്/ മണ്ഡ ലം |
|---|---|---|---|---|---|---|---|
| സി. ഒ1 | കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ പരിണാമവും ചരിത്രവും മനസ്സിലാക്കുക. ഓപ്പറേറ്റിംഗ്സിസ്റ്റ ങ്ങളുടെ വിശാലമായ ശ്രേണിയും പ്രതീക എൻകോഡിംഗും തിരിച്ചറിയുക. | 1 3 | 1 2 3 5 | Co Un An Cr | Fa Co Pr | 10 | 6 |
| സി. ഒ2 | ആസ്കി ഇസ്കി യൂണികോഡ് ഘട്ടങ്ങൾ തുടങ്ങി കമ്പ്യൂട്ടർ ഭാഷാചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക | 1 2 3 | 1 5 | Un Co | Fa | 10 | 6 |
| സി. ഒ3 | ബ്ലോഗുകൾ വിക്കി ഇ മലയാളം പോലുള്ള മലയാളം സൈബർ സാഹിത്യം വിശകലനം ചെയ്യുക. സോഷ്യൽ മീഡിയ, ഇ ബുക്ക് ഇ ജേണലുകൾ പോലെ നവമാധ്യമ സ്ട്രീമിൽ അറിവ് നേടുക | 1 3 4 | 2 3 5 | Un | Fa Pr | 10 | 6 |
| സി. ഒ4 | സോഷ്യൽ മീഡിയ ഇന്റർനെറ്റ് വാർ റൂമിനെ ക്കുറിച്ചും ഇവന്റ് മാനേജ്മെന്റിനെക്കുറിച്ചും വിമർശനാത്മക ചിന്ത വികസിപ്പിക്കുക | 1, 2 3, 5 | 1, 3 4, 5 | Cr | Pr Fa | 10 | 6 |
| സി. ഒ5 | ഇ–മലയാളം ചരിത്രത്തിന്റെയും സമീപനങ്ങളു ടെയും ഘട്ടങ്ങളും വികാസവും മനസ്സിലാക്കുക | | 5 1 | Un An | Fa Pr Ph | 10 | 6 |
| സി. ഒ6 | മലയാളം ടൈപ്പിംഗും പുസ്തക പ്രസിദ്ധീക രണവും ഉള്ളടക്ക രചനയും മനസ്സിലാക്കു കയും പരിശീലിക്കുകയും ചെയ്യുക. | 1 2 3 4 | 1 3 | Ap Ap Ev Cr Un | Co Pr | 10 | 6 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം**(Cognitive Level) |
| RE | ഓർമിക്കുക(Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

സെമസ്റ്റർ – **4**

**മുഖ്യവിഷയം:**

MU LS E 2421

**(ഇലക്ടീവ് 4 )**

# ലോകസാഹിത്യപരിചയം

(ക്രെഡിറ്റ് 4 )

**കോഴ്സ്ഫലം:**

Co 1 ലോകസാഹിത്യത്തിലെ പ്രധാനപ്പെട്ട എഴുത്തുകാരെയും രചനകളെയും പരിചയപ്പെടുത്തുകയും ലോകസാഹിത്യത്തിൽ തല്പരരാക്കുകയുമാണ് ലക്ഷ്യം. രചനകളുടെ കാലികവും സ്ഥലപരവും സാംസ്കാരികവുമായ പരിണാമങ്ങളെക്കുറിച്ചൊരു ചിത്രം ലഭിക്കാനും ഈ പഠനം ഉപകാരപ്പെടും, ലോകകഥ, ലോക നോവൽ, ലോക കവിത, ലോകനാടകം എന്നിവയുടെ പരിച്ഛേദമാണ്.

Co 2 ലോക കഥയുടെ ചരിത്രം പഠിക്കുക വഴി കഥയുടെ ആഖ്യാനം പ്രമേയം എഴുത്ത് രീതികൾ എന്നീ ഘടകങ്ങളിൽ ആഗോളതലത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെ അടുത്തറിയുകയും സൈദ്ധാന്തികമായി അവക്ക് വായനയിലൂടെയും പുനർവ്യയനയിലൂടെയും പുതിയ വിമർശന പദ്ധതികളും ആഖ്യാന പരിസരവും നൽകാൻ സാധിക്കുകയും ചെയ്യുന്നു .

CO 3 ലോകത്തെ പ്രധാനപ്പെട്ട നോവലുകളെയും നോവലിസ്റ്റുകളെയും വായിക്കുക വഴി നോവൽ എന്ന സാഹിത്യരൂപം അതതു കാലങ്ങളിൽ ഏറ്റെടുത്ത സാമൂഹ്യ രാഷ്ട്രീയ സാഹിത്യധാരകളെ നേർക്കുനേർ പരിചയപ്പെടാനും നോവൽസാഹിത്യത്തെ പ്രതിരോധത്തിന്റെയും നിലനിൽപ്പിന്റെ ആത്യന്തികമായ അടയാളമായും കണ്ടെത്താനും സൈദ്ധാന്തികവും വിമർശനാത്മകവുമായ വായനക്ക് വിധേയമാക്കാനും സാധിക്കുന്നു

CO 4 ലോക നാടകവേദിയുടെ വായനയും പ്രയോഗ സാധ്യതകളും പരിചയപ്പെടുന്നു. അവതരണം, നാടകം, ഡ്രമാറ്റർജ്, സീനോഗ്രഫി തുടങ്ങിയ മേഖലകളെ വേറിട്ട് പഠിക്കാനും സാധിക്കുന്നു.

CO 5 ലോക കവിതയുടെ പ്രതിരോധ സാധ്യതകളെ ഉൾക്കൊള്ളുകയും കാവ്യ സിദ്ധാന്തങ്ങൾ എത്തരത്തിൽ ആണ് ലോകകവിത ഉൾക്കൊണ്ടത് എന്നും സംസ്കാരത്തിന്റെയും സാമൂഹികതയുടെയും മാനുഷികതയുടെയും അംശങ്ങൾ ലോക കവിതയിൽ നിന്ന് ഇന്ത്യൻ കവിതയിലേക്കും മലയാള കവിതയിലേക്കും വന്ന യാത്രാവഴികൾ വിശദമായി പഠിക്കുന്നു

**പാഠ്യപദ്ധതി**

MU LS E 2422 ലോകസാഹിത്യപരിചയം (ഇലക്ടീവ് 4 )

വിദ്യാർത്ഥികളെ ലോക സാഹിത്യത്തിലെ പ്രധാനപ്പെട്ട എഴുത്തുകാരെയും രചനകളെയും പരിചയപ്പെടുത്തുകയും ലോകസാഹിത്യത്തിൽ തല്പരരാക്കുകയുമാണ് ലക്ഷ്യം. രചനകളുടെ കാലികവും സ്ഥലപരവും സാംസ്കാരികവുമായ പരിണാമങ്ങളെക്കുറിച്ചൊരു ചിത്രം ലഭിക്കാനും ഈ പഠനം ഉപകാരപ്പെടും, ലോകകഥ, ലോക നോവൽ, ലോക കവിത, ലോകനാടകം എന്നിവയുടെ പരിച്ഛേദമാണ് ഈ പേപ്പർ, മലയാള പരിഭാഷ ലഭ്യമായ കൃതികളാവണം പാഠ്യപദ്ധതിയിൽ.

**യൂണിറ്റ് –** 1

**ലോക കഥ**

ചെറുകഥയുടെ പ്രാരംഭം – വികാസം – ആദ്യകാല മാസ്റ്റർമാർ – അമേരിക്കൻ, റഷ്യൻ, ഫ്രഞ്ച്, ലാറ്റിനമേരിക്കൻ, സ്കാൻഡിനേവിയൻ, ജാപ്പനീസ്, ഇന്ത്യൻ കഥാപരിസര പഠനങ്ങൾ.

**മാതൃകാപാഠങ്ങൾ**

ചെക്കോവ്– നെല്ലിക്കകൾ

ബോർഹസ്– അലിഫ്

കാഫ്ക – വിധിന്യായം

മാർകേസ് – ഉച്ചമയക്കം

മഹാശ്വേതാദേവി–സ്തനദായിനി

**യൂണിറ്റ് –**2

**ലോക നോവൽ**

ലോകനോവൽ ചരിത്രം – ലോകത്തെ പ്രധാനപ്പെട്ട നോവലിസ്റ്റുകൾ –പ്രധാന നോവലുകൾ – സവിശേഷതകൾ സമകാലികരിലെ പ്രമുഖർ – നോബൽ സമ്മാനിത കൃതികൾ, നോബൽ പ്രസംഗങ്ങൾ – നോവലിനെയും രചനയെയും കുറിച്ചുള്ള എഴുത്തുകാരുടെ പ്രതികരണങ്ങൾ.

**മാതൃകാപാഠങ്ങൾ**

ചൂതാട്ടക്കാരൻ– ദസ്തയെവ്സ്കി

അന്യൻ– ആൽബേർ കാമു

കിഴവനും കടലും– ഏണസ്റ്റ് ഹെമിങ്വേ

**യൂണിറ്റ് – 3**

**ലോകനാടകം**

ലോകനാടകവേദിയുടെ ചരിത്രം - രംഗകല, രംഗപാഠം എന്നീ നിലകളിൽ – (പ്രധാനചലനങ്ങൾ, പരിണാമങ്ങൾ, സൈദ്ധാന്തിക നിലപാടുകൾ, രൂപ പരീക്ഷണങ്ങൾ, അബ്സേഡ് തിയറ്റർ, പൂവർ തിയറ്റർ – അസ്തിത്വവാദം – രാഷ്ട്രീയം – അന്യവൽക്കരണസിദ്ധാന്തം.

**മാതൃകാപാഠങ്ങൾ**

യൂജിൻ അയനസ്കോ – കസരകൾ

സാമുവൽ ബക്കറ്റ്– വെയിറ്റിംഗ് ഫോർ ഗോഡോ

ബെർടോൾട്ട് ബ്രെഹ്ത് – മദർ കറേജ്

ഹാരോൾഡ്പിന്റർ – ബർത്ഡേ പാർട്ടി

ഹെൻട്രിക് ഇബ്സൻ – പീർ ജിന്റ്

**യൂണിറ്റ് – 4**

**ലോകകവിത**

സാമാന്യപഠനം

കേരള കവിത, ഭാരതീയകവിത എന്നിങ്ങനെയുള്ള പശ്ചാത്തലത്തിൽ ലോക കവിതയെ സാമാന്യമായി അറിയാനാണ് വിദ്യാർത്ഥി ശ്രമിക്കേണ്ടത്. ലോക കവിതയുടെ വൈവിധ്യങ്ങളും വൈചിത്ര്യങ്ങളും അനുഭവവീക്ഷണങ്ങളും രചനാ സവിശേഷതകളും പ്രമേയപരമായും സങ്കേതപരമായും പഠിക്കേണ്ടതുണ്ട്. സഹായക ഗ്രന്ഥങ്ങളുടെ കൂട്ടത്തിലുള്ള 'ലോകകവിത – ചില ഏടുകൾ' എന്ന സമാഹാരം പഠനത്തിന് അടിസ്ഥാനമാക്കുക. അതിലെ കവിതകൾ ഉൾക്കൊണ്ട് ഉപന്യാസങ്ങളോ ആസ്വാദനക്കുറിപ്പുകളോ തയാറാക്കുക.

**യൂണിറ്റ് –5**

**ലോകകവിത**

വിശേഷപഠനം
ആഫ്രിക്കൻ വാമൊഴിപ്പാട്ടുകൾ
പാബ്ലോ നെരൂദയുടെ കവിതകൾ
ടാഗോർകവിതകൾ
ആഫ്രിക്കൻ കവിതകൾ
വിസ്ലാവ സിംബോർസ്കയുടെ കവിതകൾ

**സഹായകഗ്രന്ഥങ്ങൾ**


രാമകൃഷ്ണൻ ദേശമംഗലം ലോകകവിത – ചില ഏടുകൾ, കോഴിക്കോട്: മാതൃഭൂമി.

രാമകൃഷ്ണൻ, ദേശമംഗലം, കവിയുടെ ഭൂഖണ്ഡങ്ങൾ, തിരുവനന്തപുരം: ചിന്ത

സച്ചിദാനന്ദൻ , 2008 പടിഞ്ഞാറ് കവിതകൾ, കോഴിക്കോട്: മാതൃഭൂമി,

സച്ചിട്ടുണ്ടൻ, 2012, മൂന്നാം ലോകകവിത, കോഴിക്കോട്: മാതൃഭൂമി.

സച്ചിദാനന്ദൻ, 2013 ഇന്ത്യൻ കവിത, കോഴിക്കോട്: മാതൃഭൂമി.

സുന്ദരം ധനുവച്ചപുരം (വിവ, ടാഗോർ കവിതകൾ, കോട്ടയം: ഡി.സി. ബുക്സ്,)

Anthonia C Kok2008. Anthology of African Literature. Viva.

David Domrosch. 2009. How to read world literature. Wiley Blackwell.

Jula Kristeva 1984. Revolution in Poetic Language, CUP.

Kennedy. X., Dana Gioia, 2013. Literature An Introduction to Fiction, Poetry, Drama and Writing Pearson

Tomas M. Kitts. 2011. Literature and Work, Longman.

Yoshinobu Hakutani, 2009. Haiku and Modemist Poetics, Palgrave.

Yuonne Collioud Sisko. 2009. A world of Short Stories, Pearson

The Empty Space, Peter Brook

History of the Theatre - Oscar. G. Brocket and Franklin J. Hildy

An Actor Prepares by Konstaistin Stanislavs ki

സൂചന:

| സി.ഒ | പാഠ്യവിഷയഫലപ്രാപ്തി | പി.ഒ | പി.എസ്.ഒ | സി.എൽ | കെ.സി | സിദ്ധാന്തപഠനം | പ്രയോഗം/ലാബ്/മണ്ഡലം |
|---|---|---|---|---|---|---|---|
| സി.ഒ1 | ലോകസാഹിത്യത്തിലെ പ്രധാനപ്പെട്ട എഴുത്തുകാരെയും രചനകളെയും പരിചയപ്പെടുത്തുകയും ലോകസാഹിത്യത്തിൽ തല്പരരാക്കുകയുമാണ് ലക്ഷ്യം. രചനകളുടെ കാലികവും സ്ഥലപരവും സാംസ്കാരികവുമായ പരിണാമങ്ങളെക്കുറിച്ചൊരു ചിത്രം ലഭിക്കാനും ഈ പഠനം ഉപകാരപ്പെടും, ലോകകഥ, ലോകനോവൽ, ലോകകവിത, ലോകനാടകം എന്നിവയുടെ പരിച്ഛേദമാണ്. | 2 3 4 | Pso 1, 2 | RE UN AN | F C | 12 | 0 |
| സി.ഒ2 | ലോക കഥയുടെ ചരിത്രം പഠിക്കുക വഴി കഥയുടെ ആഖ്യാനം പ്രമേയം എഴുത്ത് രീതികൾ എന്നീ ഘടകങ്ങളിൽ ആഗോളതലത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെ അടുത്തറിയുകയും സൈദ്ധാന്തികമായി അവക്ക് വായനയിലൂടെയും പുനർവായനയിലൂടെയും പുതിയ വിമർശന പദ്ധതികളും ആഖ്യാന പരിസരവും നൽകാൻ സാധിക്കുകയും ചെയ്യുന്നു . | 1 2 3 4 | Pso 2, 3 | EV RE UN AN | F C | 12 | 0 |
| സി.ഒ3 | ലോകത്തെ പ്രധാനപ്പെട്ട നോവലുകളെയും നോവലിസ്റ്റുകളെയും വായിക്കുക വഴി നോവൽ എന്ന സാഹിത്യരൂപം അതതുകാലങ്ങളിൽ ഏറ്റെടുത്ത സാമൂഹ്യരാഷ്ട്രീയ സാഹിത്യധാരകളെ നേർക്കുനേർ പരിചയപ്പെടാനും നോവൽ സാഹിത്യത്തെ പ്രതിരോധത്തിന്റെയും നിലനിൽപ്പിന്റെ ആത്യന്തികമായ അടയാളമായും കണ്ടെത്താനും സൈദ്ധാന്തികവും വിമർശനാത്മകവുമായ വായനക്ക് വിധേയമാക്കാനും സാധിക്കുന്നു | 1 3 4 2 | Pso 2, 3, 5 | AN EV | F C | 12 | 0 |
| സി.ഒ4 | ലോക നാടകവേദിയുടെ വായനയും പ്രയോഗ സാധ്യതകളും പരിചയപ്പെടുന്നു. അവതരണം, നാടകം, ഡ്രമാറ്റർജ്, സീനോഗ്രഫി തുടങ്ങിയ മേഖലകളെ വേറിട്ട് പഠിക്കാനും സാധിക്കുന്നു. | 1 2 3 4 | Pso 2, 4 | AN EV RE | C P | 12 | 0 |
| സി.ഒ5 | ലോക കവിതയുടെ പ്രതിരോധ സാധ്യതകളെ ഉൾക്കൊള്ളുകയും കാവ്യസിദ്ധാന്തങ്ങൾ എത്തരത്തിൽ ആണ് ലോകകവിത ഉൾക്കൊണ്ടത് എന്നും സംസ്കാരത്തിന്റെയും സാമൂഹികതയുടെയും മാനുഷികതയുടെയും അംശങ്ങൾ ലോക കവിതയിൽ നിന്ന് ഇന്ത്യൻ കവിതയിലേക്കും മലയാള കവിതയിലേക്കും വന്ന യാത്രാവഴികൾ വിശദമായി പഠിക്കുന്നു | 2 3 4 | Pso 3, 4 | AN AP EV | C P | 12 | 0 |

| സാങ്കേതികപദാവലി | |
|---|---|
| **സി.ഒ** | പാഠ്യവിഷയഫലപ്രാപ്തി (Course Outcome) |
| **പി.ഒ** | പൊതുഫലപ്രാപ്തി Programme Outcome |
| **പി.എസ്. ഒ** | പാഠ്യകേന്ദ്രിതഫലപ്രാപ്തി (Programme Specific Outcome) |
| **സി.എൽ** | **അറിവുതലം** (Cognitive Level) |
| RE | ഓർമിക്കുക (Remember) |
| Un | മനസ്സിലാക്കുക(Understand) |
| Ap | പ്രയോഗിക്കുക(Apply) |
| An | അപഗ്രഥിക്കുക(Analyse) |
| Ev | വിലയിരുത്തുക(Evaluate) |
| Cr | നിർമിക്കുക(Create) |
| **കെ.സി** | **വിവരതലം** (Knowledge Category) |
| Fa | വസ്തുതാപരം(Factual) |
| Co<br>Pr<br>Me | സങ്കല്പനപരം(Conceptual)<br>പ്രക്രിയാപരം(procedural)<br>ദാർശനികം |

# പ്രബന്ധമാതൃക

**മുഖപത്രം**

**പേർ (യൂനികോഡ് മീരലിപി, വലിപ്പം 18,**

**വലിയക്ഷരം, പുറത്തിന്റെ മധ്യത്തിൽ)**

**സർവകലാശാലാചിഹ്നം,**

**വിദ്യാർഥിയുടെപേർ ( ലിപി, വലിപ്പം 16, പുറത്തിന്റെ മധ്യത്തിൽ)**

**രജിസ്റ്റർനമ്പർ (ലിപി, വലിപ്പം 14, പുറത്തിന്റെമധ്യത്തിൽ)**

**പ്രോഗ്രാമിന്റെപേർ (ലിപി, വലിപ്പം 16, പുറത്തിന്റെമധ്യത്തിൽ)**

**പഠനാലയം (ലിപി, വലിപ്പം16, പുറത്തിന്റെമധ്യത്തിൽ)**

**ഫാക്കൽറ്റി (ലിപി, വലിപ്പം 16, പുറത്തിന്റെമധ്യത്തിൽ)**

**സർവകലാശാലാവിലാസം (ലിപി, വലിപ്പം16, പുറത്തിന്റെ മധ്യത്തിൽ)**

**വർഷം,മാസം (ലിപി, വലിപ്പം 14, പുറത്തിന്റെമധ്യത്തിൽ)**

# പ്രസ്താവന

എം.എ/എം.എസ്സി ബിരുദത്തിന്റെ ഭാഗിക പൂരണാർഥം തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ......................... ........................................................... സ്കൂളിൽ സമർപ്പിക്കുന്ന ....................................................................................................... (പ്രബന്ധ ശീർഷകം) എന്ന പ്രബന്ധം ഇതിന് മുമ്പ് ഏതെങ്കിലും ബിരുദത്തിനോ സമാനമായ ആവശ്യത്തിനോവേണ്ടി മറ്റൊരുസ്ഥാപനത്തിലും സമർപ്പിച്ചിട്ടില്ല.

ഒപ്പ്

സ്ഥലം:

തീയതി: വിദ്യാർഥിയുടെപേര്

# സാക്ഷ്യപത്രം

എം.എ/എം.എസ്സി ബിരുദത്തിന്റെഭാഗിക പൂരണാർഥം തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയിൽ ................................ ...................................................................... (വിദ്യാർത്ഥിയുടെപേര്) സമർപ്പിക്കുന്ന ........................................................................... ഈപ്രബന്ധം എന്റെ മാർഗനിർദ്ദേശത്തിൽ നടത്തിയ ഗവേഷ ണത്തിന്റെ ആധികാരിക ഫലമാണ്എന്നും ഇത്, പൂർണമോ ഭാഗികമോആയി ഏതെങ്കിലും ബിരുദമോ അംഗീകാരമോ ലഭിക്കുന്നതിന് മറ്റൊരുസർവകലാശാലയിലും സ്ഥാപനത്തിനും സമർപ്പിച്ചിട്ടില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്
തിയതി : മാർഗദർശി

സ്കൂൾഡയറക്ടറുടെപേരുംഒപ്പും

**അംഗീകരിക്കൽ**

**ഉള്ളടക്കം**

- ക്രമം ശീർഷകം പുറം.

**പട്ടികകൾ**

- ക്രമം ശീർഷകം പുറം.

**ചിത്രങ്ങൾ**

- ക്രമം ശീർഷകം പുറം

**മാതൃകാചോദ്യക്കടലാസ്**

**സർവകലാശാലാചിഹ്നം**

## തുഞ്ചത്ത് എഴുത്തച്ഛൻ
## മലയാളസർവകലാശാല

പരീക്ഷയുടെപേര്,
മാസംവർഷം
കോഴ്സ്കോഡ്
പ്രോഗ്രാംശീർഷകം
കോഴ്സ്ശീർഷകം

**സമയം: 3 മണിക്കൂർ** **ആകെമാർക്ക്: 70**

1. **എല്ലാചോദ്യങ്ങൾക്കുംഉത്തരമെഴുതുക** (5X2=10)

(അറിവ്തലം: ഓർമ്മിക്കുന്നു/മനസ്സിലാക്കുന്നു.)

1.
2.
3.
4.
5.

2. **രണ്ട്പുറം കവിയാതെ ഏതെങ്കിലും ആറ്ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (6X6=36)

(അറിവ്തലം: വിശകലനം/ പ്രയോഗം)

6.
7.
8.

9.
10.
11.
12.
13.

**3. അഞ്ച്പുറം കവിയാത്ത ഏതെങ്കിലും രണ്ട്ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (2X12=24)**

(അറിവുതലം: പ്രയോഗിക്കുക/ വിശകലനംചെയ്യുക/ വിലയിരുത്തുക/ നിർമിക്കുക)

14.
15.
16.

**തുഞ്ചത്തെഴുത്തച്ഛൻ**

**മലയാളസർവകലാശാല**

**വാക്കാട് പി. ഒ., തിരൂർ, മലപ്പുറം – 676 502 ഫോൺ 0494–2631230**

# ക്രെഡിറ്റും സെമസ്റ്ററും സമ്പ്രദായത്തിലുള്ള എം.എ/എം.എസ് സി പരിപാടിയുടെ ചട്ടങ്ങൾ (റഗുലേഷൻസ്) 2019 പ്രവേശനം മുതൽ പ്രാബല്യം

## I. ലഘുശീർഷകം:

1.1 ഈ ചട്ടങ്ങൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ക്രെഡിറ്റും സെമസ്റ്ററും സമ്പ്രദായത്തിലുള്ള എം. എ. പ്രോഗ്രാമിന്റെ ചട്ടങ്ങൾ എന്നറിയപ്പെടും.

## II. സാധ്യത:

2.1 ഇവിടെനൽകിയിരിക്കുന്ന ചട്ടങ്ങൾ തുഞ്ചത്തെഴുത്തച്ഛൻമലയാള സർവകലാശാലയിലെ എല്ലാ സ്കൂളുകളും നടത്തിവരുന്ന എം.എ. പ്രോഗ്രാം 2019 പ്രവേശനം മുതൽ ബാധകമായിരിക്കും.

2.2 മറ്റു വിധം സ്പഷ്ടമാക്കാത്ത പക്ഷം, ഇതുവരെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ എല്ലാ സ്കൂളുകളും നടത്തി വരുന്ന എല്ലാ എം.എ. പ്രോഗ്രാം സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും ഇവിടെ ചേർക്കുന്ന വ്യവസ്ഥകളോടെ റദ്ദായിത്തീരുന്നതായിരിക്കും.

## III. നിർവചനങ്ങൾ

3.1 സർവകലാശാല എന്നാൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല എന്നർത്ഥം.

3.2 പ്രോഗ്രാം എന്നാൽ എല്ലാ കോഴ്സുകളും പരീക്ഷകളുമെന്നർത്ഥം.

3.3 പ്രോഗ്രാമിന്റെ സമയപരിധി എന്നാൽ പ്രോഗ്രാം നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന സമയമെന്നർത്ഥം. പ്രോഗ്രാമിന്റെ കാലാവധി, രണ്ടു വർഷത്തിനുള്ളിൽ കുറഞ്ഞത് നാലു സെമസ്റ്ററാണ്.

3.4 സെമസ്റ്റർ എന്നാൽ പതിനെട്ട് (18) ആഴ്ചകളിലായി, അഞ്ചു (5) മണിക്കൂർ വീതമുള്ള, ശരാശരി തൊണ്ണൂറ് (90) പ്രവൃത്തിദിനങ്ങൾ ഉൾപ്പെടുന്ന കാലപരിധിയെന്നർത്ഥം.

3.5 'കോഴ്സ്' എന്നാൽ ഒരു സെമസ്റ്ററിൽ പൂർത്തീകരിക്കേണ്ട പഠനവിഷയത്തിന്റെ ഒരു ഭാഗം എന്നർത്ഥം. ഓരോ കോഴ്സിനും അക്ഷരവും സംഖ്യയും ഉള്ളടങ്ങുന്ന കോഡ്നമ്പർ, ശീർഷകം, ക്രെഡിറ്റ് എന്നിവ ഉണ്ടായിരിക്കും. കോഴ്സ് പഠിപ്പിക്കുന്ന സ്കൂൾ, സെമസ്റ്റർ, അതിന്റെ ക്രമനമ്പർ എന്നിവയുടെ സംക്ഷിപ്തവിവരം കോഡ് നമ്പരിലൂടെ നൽകുന്നു. ഓരോ കോഴ്സിനും നാലു (4) ക്രെഡിറ്റുകൾ വീതം ഉണ്ടായിരിക്കും. എന്നിരിക്കിലും, കോഴ്സുകളുടെ വെയിറ്റേജ് രണ്ടു (2) ക്രെഡിറ്റു മുതൽ അതാത് പഠനബോർഡുകൾക്ക് മാറ്റങ്ങൾ വരുത്താവുന്നതാണ്.

3.6 ക്രെഡിറ്റ് എന്നാൽ, ഒരു സെമസ്റ്ററിൽ ഒരു കോഴ്സിനായി വിലയിരുത്തിയിട്ടുള്ള അധ്യാപനവും അനുബന്ധ അക്കാദമിക പ്രവർത്തനങ്ങളും അടങ്ങുന്ന പ്രവൃത്തിയുടെ പ്രതിവാരയൂണിറ്റിന്റെ അളവാണ്. പ്രതിവാരപ്രവൃത്തി, ഒരു ക്രെഡിറ്റിന് തിയറി കോഴ്സിന് ഒരു (1) മണിക്കൂറും പ്രാക്ടിക്കൽ കോഴ്സിന് രണ്ട് (2) മണിക്കൂറുമാണ്.

**ആകെ കുറഞ്ഞ ക്രെഡിറ്റ്:**

ഒരു പഠനപരിപാടി പൂർത്തീകരിക്കുന്നതിനാവശ്യമായ കുറഞ്ഞ ക്രെഡിറ്റ് 72–ഉം പരമാവധി ആർജിക്കാവുന്ന ക്രെഡിറ്റ് 80–ഉം ആയിരിക്കും.

3.7 **മുഖ്യ കോഴ്സുകൾ:** (കോർ കോഴ്സ്)

മുഖ്യകോഴ്സ് എന്നാൽ, മറ്റൊരു കോഴ്സിനാലും പകരം വയ്ക്കാനാവാത്ത, പ്രോഗ്രാം ഘടനയിലെ നിർബന്ധിത ഘടകമെന്നർത്ഥം. ഒരു എം.എ പ്രോഗ്രാമിന് ചുരുങ്ങിയത് അറുപത് (60) ക്രെഡിറ്റുകളുള്ള മുഖ്യ കോഴ്സുകൾ ഉണ്ടായിരിക്കണം. ഇത് പരമാവധി അറുപത്തിഎട്ട് (68) ക്രെഡിറ്റുകൾ വരെ ആകാം.

3.8 ഐച്ഛിക കോഴ്സുകൾ എന്നാൽ, ഒരോ സെമസ്റ്ററിലെയും വിദ്യാർത്ഥികളുടെ അഭിരുചിക്കും താല്പര്യത്തിനുമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന കോഴ്സുകളെന്ന് അർത്ഥം. ഒരു പ്രോഗ്രാമിന്റെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ ഐച്ഛികകോഴ്സുകളുടെ ഗണത്തിൽത്തിൽനിന്നും ചുരുങ്ങിയത് പന്ത്രണ്ട് (12) (പൊതുഐച്ഛികം ഉൾപ്പെടെ) ക്രെഡിറ്റുള്ള കോഴ്സുകൾ വിദ്യാർത്ഥികൾ പ്രോഗ്രാം കാലയളവിൽ പൂർത്തീകരിച്ചിരിക്കണം. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഐച്ഛികകോഴ്സുകൾ പരമാവധി പതിനാറ് (16) ക്രെഡിറ്റ് വരെ ആകാം.

നാല് (4) ക്രെഡിറ്റുള്ള ഐച്ഛിക (ഓപ്പൺ ഇലക്ടീവ്) കോഴ്സുകൾ മറ്റു ഫാക്കൽറ്റികളിൽ നിന്നായിരിക്കണം.

3.9 **അധിക ഐച്ഛികങ്ങൾ:**

ഒരു വിദ്യാർത്ഥിക്ക് ആവശ്യമെങ്കിൽ അധികഐച്ഛികങ്ങൾ എടുക്കാവുന്നതാണ്.

3.10 ഗവേഷണ പ്രബന്ധം: അവസാന സെമസ്റ്ററിൽ ഒരു ഗവേഷണ പ്രബന്ധം/സാഹിത്യരചനാസമർപ്പണം ഉണ്ടായിരിക്കും. പ്രബന്ധത്തിന്റെ ഭാഗമായി പൂർവപഠനങ്ങൾ, രീതിശാസ്ത്രം, സങ്കല്പനങ്ങൾ എന്നിങ്ങനെ മൂന്ന് പ്രബന്ധാവതരണങ്ങൾ വിദ്യാർത്ഥി നടത്തണം. കൂടാതെ (50-80) പുറത്തിൽ കുറയാത്ത പ്രബന്ധവും/രചനയും സമർപ്പിക്കണം. പൂർവപഠനങ്ങൾ, സങ്കല്പനങ്ങൾ, രീതിശാസ്ത്രം എന്നിവ ഉൾക്കൊള്ളുന്നതാകണം പ്രബന്ധം. അതാത് പഠനസ്കൂളുകൾ പ്രബന്ധം/രചന മാതൃക തയ്യാറാക്കേണ്ടത്. പ്രബന്ധം യൂണിക്കോഡ് ഫോണ്ടിലായിരിക്കണം. അവസാന സെമസ്റ്ററിൽ പ്രബന്ധമൂല്യനിർണയത്തിന്റെ ഭാഗമായി വാചാപരീക്ഷയും ഉണ്ടായിരിക്കും. ഗവേഷണപ്രബന്ധത്തിന് പരമാവധി എട്ട് (8) ക്രെഡിറ്റുകൾ വരെ നൽകാവുന്നതാണ്.

## IV. പ്രോഗ്രാംഘടനയും പാഠ്യപദ്ധതിയും

4.1 സ്കൂളുകൾ തയ്യാറാക്കി സമർപ്പിക്കുന്ന അതാത് പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി, ബന്ധപ്പെട്ട പഠനബോർഡ് ചർച്ചചെയ്ത് അന്തിമാംഗീകാരത്തിനായി അക്കാദമിക് കൗൺസിലിലേക്ക് ശുപാർശ ചെയ്യണം.

4.2 സ്കൂൾ തയ്യാറാക്കുന്ന ഐച്ഛികകോഴ്സുകൾ, ആദ്യം സ്കൂൾ കൗൺസിലും പിന്നീട് പഠനബോർഡും അംഗീകരിക്കണം. ഇത് അന്തിമ അംഗീകാരത്തിനായി അക്കാദമിക് കൗൺസിലിൽ സമർപ്പിക്കണം.

4.3 കോഴ്സുകളുടെ പാഠ്യപദ്ധതി, സമകാലിക വൈജ്ഞാനികത യുമായി ഇണക്കിച്ചേർത്ത് രണ്ടു വർഷത്തിലൊരിക്കൽ നവീക രിക്കണം.

4.4 കോഴ്സുകളും അവയുടെ പാഠ്യപദ്ധതിയും ഇന്ത്യൻ ഭരണഘടന യുടെ മൂല്യങ്ങൾക്കും ഭരണഘടനാധാർമികബോധത്തിനും അനുസൃതമായിരിക്കണം.

## V. പൊതു ഐച്ഛിക (ഓപ്പൺ ഇലക്ടീവ്) കോഴ്സുകളുടെ അംഗീകാരം:

5.1 മൂന്നാം സെമസ്റ്റർ തുടങ്ങി പത്തു (10) ദിവസത്തിനുള്ളിൽ, തെര ഞ്ഞെടുക്കുന്ന പൊതുഐച്ഛിക കോഴ്സുകൾ രജിസ്റ്റർചെയ്യണം. ഓരോ അധ്യയനവകുപ്പിലും ചുരുങ്ങിയത് അഞ്ച് (5) പേരെയും പരമാവധി ഇരുപത് (20) പേരെയും മാത്രമേ ഇതിനായി പ്രവേശിപ്പിക്കാൻ പാടുള്ളൂ.

5.2 **രജിസ്ട്രേഷൻ:**

പൊതുഐച്ഛികകോഴ്സുകൾ അംഗീകരിക്കുന്നതിന്, വിദ്യാർ ത്ഥികൾ നിശ്ചിത രജിസ്ട്രേഷൻ ഫോമിൽ ബന്ധപ്പെട്ട അധ്യാപ കൻ വഴി സ്കൂൾ ഡയറക്ടറെ അറിയിക്കുകയും അദ്ദേഹം അപ്ര കാരം തയ്യാറാക്കിയ ലിസ്റ്റ് പരീക്ഷാഭവനിൽ സമർപ്പിക്കേ ണ്ടതുമാണ്.

## VI. പ്രവേശന നടപടിക്രമങ്ങൾ

6.1 പ്രവേശനയോഗ്യത: അംഗീകൃത സർവകലാശാലകളിൽനിന്നും ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദം. അതത് വിഷയത്തിലെ പ്രവേശനയോഗ്യത ഓരോ സ്കൂളും പഠനബോർഡിന്റെ അംഗീ കാരത്തോടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.2 പ്രവേശനം: സർവകലാശാല നടത്തുന്ന പ്രവേശനപ്പരീക്ഷയുടെ അടിസ്ഥാനത്തിലാണ് എം.എ. ബിരുദ പ്രോഗ്രാമിലേക്കുള്ള പ്രവേശനം. ബിരുദം നേടിയിട്ടുള്ളവരും അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്നവരും പ്രവേശനപ്പരീക്ഷ എഴുതാൻ യോഗ്യരാ യിരിക്കും. എന്നാൽ പ്രവേശനം നേടുന്ന സമയത്ത് യോഗ്യത സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. പ്രവേശനം മലയാള

സർവകലാശാല അംഗീകരിച്ച വിജ്ഞാപനപ്രകാരമായിരിക്കും. പ്രവേശനസമയത്ത് എല്ലാ അസ്സൽ രേഖകളും ഹാജരാക്കേണ്ടതാണ്. യു.ജി.സി/സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സംവരണ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കും പ്രവേശനം.

6.3 പ്രവേശനചട്ടങ്ങളിൽ യു.ജി.സി/സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസരിച്ച് മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതാണ്.

## VII. ഹാജർനിയമങ്ങൾ

7.1 അവസാന സെമസ്റ്റർ പരീക്ഷയെഴുതുന്നതിന്, ഓരോ കോഴ്സിനും കുറഞ്ഞത് എഴുപത്തിയഞ്ച് ശതമാനം (75%) ഹാജർ നിർബന്ധമാണ്. കോഴ്സിന്റെ ചാർജുള്ള അധ്യാപകർ, വിദ്യാർത്ഥിയുടെ ഹാജർ വിശദാംശങ്ങൾ മറ്റ് ആഭ്യന്തര മൂല്യനിർണയ ഘടകങ്ങൾക്കൊപ്പം അറിയിപ്പ് ഫലകത്തിൽ പ്രദർശിപ്പിക്കണം. സ്കൂൾ ഡയറക്ടർക്ക് അതിന്റെ ശരിപ്പകർപ്പ് അയക്കുകയും വേണം.

7.2 സർവകലാശാലയെ പ്രതിനിധീകരിച്ച്, സാംസ്കാരിക പരിപാടികൾ, എൻ.സി.സി., എൻ.എസ്.എസ്., (NCC/NSS) പ്രവൃത്തികൾ, ചട്ടപ്രകാരമുള്ള സമിതികളുടെ ജോലികളിൽ പങ്കാളികളാകുക എന്നിങ്ങനെ ഔദ്യോഗികാവശ്യങ്ങൾക്ക് സ്കൂൾ ഡയറക്ടറുടെ മുൻകൂർ അനുമതിയോടെ നിയോഗിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവധി അനുവദിക്കുകയും അത്തരം അസാന്നിദ്ധ്യങ്ങൾ താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരം ഹാജരായി പരിഗണിക്കുകയും ചെയ്യാം.

7.3 അവധിയുടെ പരിധി സാധാരണയായി ഒരു സെമസ്റ്ററിൽ ഒരു വിദ്യാർത്ഥിക്ക് ഓരോ കോഴ്സിലുമുള്ള ആകെ ഹാജറിന്റെ 10 ശതമാനത്തിൽ കവിയാൻ പാടില്ല.

7.4 അവധി ശുപാർശ സ്കൂൾ ഡയറക്ടർക്ക് കൈമാറാൻ സർവകലാശാലാ വിദ്യാർത്ഥി യൂണിയനിലെ സ്റ്റാഫ് ഉപദേശകൻ, കായികാധ്യാപകൻ/എൻ.സി.സി., എൻ.എസ്.എസ്. കാര്യപരിപാടി ഉദ്യോഗസ്ഥർ എന്നിവരെ അധികാരപ്പെടുത്തിയിരിക്കുന്നു. സർവകലാശാലാ കായികപരിപാടികൾ, സാംസ്കാരിക സംഗമങ്ങൾ, എൻ.എസ്.എസ്., എൻ.സി.സി. പരിപാടികൾ, സർവകലാശാലാ യൂണിയൻ പരിപാടികൾ എന്നിവയിൽ പങ്കെടുത്തിട്ടുള്ള വിദ്യാർത്ഥികളുടെ പട്ടിക, അവധി ശുപാർശയ്ക്ക്

അധികാരപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവധി അനുവദിക്കാനായി തയ്യാറാക്കണം.

7.5 അർഹമായ അവധി താഴെ പറയും പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു.

1. പരിപാടികൾക്കുവേണ്ടി ഇരുവശങ്ങളിലേക്കുമുള്ള യാത്രകൾ.

2. അംഗീകൃത കാര്യപരിപാടിപട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള, പരിപാടിയുടെ കൃത്യം ദിനങ്ങൾ. സാംസ്കാരിക പരിപാടികളുടെ കാര്യത്തിൽ, അംഗീകൃതപരിപാടികളുടെ കൃത്യമായ പൂർത്തീകരണദിനങ്ങൾ തെളിവായി സ്വീകരിക്കാം.

7.6 അവധി ശുപാർശചെയ്യാൻ അധികാരമുള്ള ഉദ്യോഗസ്ഥർ, സംഘം, സംഘാംഗങ്ങൾ, സംഗമം/ടൂർണമെന്റ് നടക്കുന്ന സ്ഥലം, സംഗമം/ടൂർണമെന്റ് നടക്കുന്ന ദിവസങ്ങളുടെ എണ്ണം, ഇരുവശങ്ങളിലേക്കുമുള്ള യാത്രക്കുവേണ്ടിവരുന്ന ദിവസങ്ങൾ എന്നിങ്ങനെ വിശദാംശങ്ങളടങ്ങിയ വിദ്യാർത്ഥി പട്ടിക സ്കൂൾ ഡയറക്ടർക്ക് മുൻകൂറായി സമർപ്പിക്കണം. അംഗീകൃത കാര്യപരിപാടിക്കുശേഷം ഏഴ് ദിവസത്തിനുള്ളിൽ പട്ടിക സമർപ്പിച്ചില്ലെങ്കിൽ അവധി അനുവദിക്കില്ല.

7.7 ഇക്കാര്യത്തിൽ സ്കൂൾ ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

7.8 **ഹാജർകുറവ് ഇളവ് ചെയ്യൽ** (കണ്ടൊനേഷൻ)

ആരോഗ്യപരമോ, അയാളുടെ നിയന്ത്രണങ്ങൾക്ക് അപ്പുറത്തുള്ളതോ ആയ കാരണങ്ങളാൽ എഴുപത്തിയഞ്ച് ശതമാനം (75%) ഹാജറിന് ഒരു വിദ്യാർത്ഥി അർഹനാണ് എന്ന് വൈസ്ചാൻസലർക്ക് ബോധ്യപ്പെടുന്ന പക്ഷം, ഒരു അക്കാദമികവർഷത്തിൽ (രണ്ടു സെമസ്റ്റർ) പരമാവധി 10% (പത്ത്) ഹാജർ ഇളവനുവദിക്കാൻ വൈസ്ചാൻസലർക്ക് അധികാരമുണ്ട്.

7.9 ഹാജർകുറവ് ഇളവ് നൽകുന്നതിനുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സ്കൂൾ ഡയറക്ടറുടെ ശുപാർശ സഹിതം, സർവകലാശാലാപരീക്ഷകൾ തുടങ്ങുന്നതിന് പതിനഞ്ച് (15) ദിവസം മുമ്പ് പരീക്ഷാകൺട്രോളർക്ക് സമർപ്പിക്കണം.

7.10. കണ്ടൊനേഷനുള്ള നിർദ്ദിഷ്ട ഫീസടച്ച് ആയതിന്റെ രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

7.11. ഹാജർകുറവ് ഇളവ് ചെയ്യുന്നതിനുള്ള ആവശ്യം, ഔദ്യോഗിക മെഡിക്കൽ സർട്ടിഫിക്കറ്റോ, കാര്യത്തിന്റെ സ്വഭാവമനുസരിച്ച്, മൂർത്തമായ തെളിവുരേഖകളോ കൊണ്ട് ഉറപ്പാക്കണം.

7.12. ഹാജർകുറവ് ഇളവുകൾ ഒരു അക്കാദമികവർഷത്തിൽ ഒരു തവണ മാത്രമേ അനുവദിക്കൂ. ഇതിനായി, ഒന്നും രണ്ടും സെമസ്റ്ററുകൾ ഒന്നാം വർഷമായും, മൂന്നും നാലും സെമസ്റ്ററുകൾ രണ്ടാംവർഷമായും പരിഗണിക്കും. ഒരു പ്രോഗ്രാം കാലയളവിൽ പരമാവധി കണ്ടൊനേഷൻ 20% മായി നിജപ്പെടുത്തിയിട്ടുണ്ട്.

7.13. ഹാജർകുറവിനുള്ള കണ്ടൊനേഷൻ, അടുത്ത വർഷത്തേക്ക് പകരം വച്ചു മാറ്റാനോ, നീട്ടാനോ സാധ്യമല്ല. ഏറ്റവും കുറഞ്ഞ ഹാജരില്ലാത്ത വിദ്യാർത്ഥികളെ പരീക്ഷയെഴുതാൻ അനുവദിക്കില്ല.

7.14. ഹാജർനില കണ്ടൊനേഷൻ പരിധിയിൽപ്പെടാത്ത വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സെമസ്റ്ററിൽ പുനഃപ്രവേശനം നേടി കോഴ്സ് പൂർത്തീകരിക്കാവുന്നതാണ്.

7.15. വിദ്യാർത്ഥിനികൾക്ക് പ്രസവ അവധി (മെറ്റേണിറ്റി ലീവ്) അനുവദിക്കുന്നതുസംബന്ധിച്ച ചട്ടങ്ങൾ:

1. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സംസ്ഥാന സർക്കാരിന്റെ നിലവിലെ ചട്ടങ്ങൾ അനുസരിച്ച് ആറുമാസംവരെ പ്രസവാവധി അനുവദിക്കാവുന്നതാണ്.

2. പ്രസവാവധിക്കുള്ള അപേക്ഷ വിദ്യാർത്ഥിനി ബന്ധപ്പെട്ട സ്കൂൾ ഡയറക്ടറുടെ ശുപാർശയോടെ പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ടതാണ്.

3. പ്രോഗ്രാം കാലാവധിയിൽ ഒരുതവണ മാത്രമേ പ്രസവാവധി അനുവദിക്കുകയുള്ളൂ.

4. പ്രസവാവധി കഴിഞ്ഞ് പഠനം തുടരുന്ന വിദ്യാർത്ഥിനികൾ പഠിച്ചിരുന്ന അതേ സെമസ്റ്ററിന്റെ അടുത്ത ബാച്ചിൽ പുനഃപ്രവേശനം നേടി പ്രോഗ്രാം പൂർത്തിയാക്കേണ്ടതാണ്.

5. വിദ്യാർത്ഥിനി പുനഃപ്രവേശനം നേടുന്ന സെമസ്റ്ററിൽ നിലവിൽ വിദ്യാർത്ഥികളുടെ എണ്ണം അനുവദനീയമായ പരമാവധി എണ്ണമുണ്ടെങ്കിലും ടി. വിദ്യാർത്ഥിനിയ്ക്ക് ഒരു

അധികസീറ്റ് അനുവദിച്ച് പ്രവേശനം നൽകി പ്രോഗ്രാം പൂർത്തീകരിക്കാൻ അനുവദിക്കേണ്ടതാണ്.

6. പുതിയ ബാച്ചിൽ വിദ്യാർത്ഥിനി പ്രവേശനം നേടുമ്പോൾ നിലവിലെ സിലബസിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ ടി. വിദ്യാർത്ഥിനിയുടെ പഠനം പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്കൂളുകൾ തീരുമാനിച്ച് പരീക്ഷാകൺട്രോളറെ യഥാസമയം അറിയിക്കണം.

## VIII. ചോദ്യക്കടലാസ് തയ്യാറാക്കൽ:

8.1 സർവകലാശാല നടത്തുന്ന പി.ജി. പ്രോഗ്രാമുകളുടെ ഒന്നും മൂന്നും സെമസ്റ്റർ പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുവേണ്ടി ചോദ്യപേപ്പറിന്റെ മാതൃകയ്ക്കനുസരിച്ചുള്ള ചോദ്യങ്ങൾ ബന്ധപ്പെട്ട സ്കൂളുകളിൽനിന്നും രണ്ട് ചോദ്യപേപ്പർ വാങ്ങി ചോദ്യബാങ്ക് (ക്വസ്റ്റിൻബാങ്ക്) തയ്യാറാക്കി പുറത്തുനിന്നുള്ള ചെയർമാൻ ഉൾപ്പെട്ട രണ്ടംഗ ബോർഡ് സ്ക്രൂട്ടിനി നടത്തി, അതിൽനിന്നും ഓരോ പരീക്ഷയ്ക്കും ആവശ്യമായ ചോദ്യപേപ്പറുകൾ പരീക്ഷാകൺട്രോളർ തീരുമാനിക്കുന്നതാണ്.

**ചോദ്യപേപ്പറിന്റെ മാതൃക:**

1. ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരമെഴുതേണ്ട അഞ്ച് (5) ചോദ്യങ്ങൾ (05X 2=10)
2. ഏതെങ്കിലും ആറ് (6) ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതേണ്ടവ. (06 X 6=36)
3. ഏതെങ്കിലും രണ്ട് (2) ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതേണ്ടവ. (02 X 12=24)

ആകെ എഴുപത് (70) മാർക്ക്

മാതൃകാചോദ്യപേപ്പർ അതാത് സ്കൂളുകളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

8.2 ഇപ്രകാരം ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പരീക്ഷാകൺട്രോളർക്ക് ഒരു ബാഹ്യ അധ്യാപകന്റെയോ ബന്ധപ്പെട്ട സ്കൂൾ ഡയറക്ടറുടേയോ സഹായം തേടാവുന്നതാണ്.

8.3 പരീക്ഷാനടത്തിപ്പിന്റെ രഹസ്യസ്വഭാവം നിലനിർത്തിക്കൊണ്ടുള്ള നടപടിക്രമങ്ങൾ പരീക്ഷാകൺട്രോളർക്ക് ഈ വിഷയത്തിൽ സ്വീകരിക്കാവുന്നതാണ്.

8.4 രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളുടെ ഓരോ കോഴ്സിനും രണ്ടു ചോദ്യപേപ്പറുകൾ സർവകലാശാലയ്ക്ക് പുറത്തുള്ള അധ്യാപകരെ ക്കൊണ്ട് തയ്യാറാക്കിച്ച് പുറത്തുനിന്നുള്ള ഒരു ചെയർമാൻ ഉൾപ്പെട്ട രണ്ടംഗ ബോർഡ് സ്ക്രൂട്ടിനിക്ക് വിധേയമാക്കി പരീക്ഷാകൺട്രോളർ പരീക്ഷകൾ യഥാസമയം നടത്തണം.

## VIII. പരീക്ഷകൾ

9.1 പരീക്ഷയുടെ തീയ്യതി, സമയം, കോഡ്നമ്പർ സഹിതമുള്ള കോഴ്സുകൾ എന്നിവയടങ്ങുന്ന വിശദാംശങ്ങൾ സർവകലാ ശാല പ്രസിദ്ധീകരിക്കും. വിദ്യാർത്ഥികൾ പരീക്ഷകൾക്ക് സ്വയം രജിസ്റ്റർ ചെയ്യണം. ഓരോ സെമസ്റ്ററിന്റെയും അവസാനം സർവകലാശാലാതല പരീക്ഷ ഉണ്ടായിരിക്കും. മുപ്പതുമിനിട്ടില ധികം വൈകിയെത്തുന്ന ഒരു വിദ്യാർത്ഥിയെയും പരീക്ഷയെ ഴുതാൻ അനുവദിക്കില്ല. പരീക്ഷ തുടങ്ങി ഒന്നരമണിക്കൂറിനും (90 മിനിട്ട്) മുമ്പ് ഒരു വിദ്യാർത്ഥിയെയും പരീക്ഷാമുറി വിട്ടുപോകാൻ അനുവദിക്കില്ല. ഏതെങ്കിലും വിദ്യാർഥി പരീക്ഷാസ്ഥലത്ത് കോപ്പിയടിക്കുക, മറ്റു വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുക തുടങ്ങി എന്തെങ്കിലും ക്രമക്കേടുകൾ നടത്തുകയാണെങ്കിൽ പരിശോധ കൻ (ഇൻവിജിലേറ്റർ) ഉത്തര ക്കടലാസിൽ ഒപ്പോടുകൂടി അഭിപ്രായം രേഖപ്പെടുത്തണം. ഇത്തരം സന്ദർഭങ്ങളിൽ വിദ്യാർത്ഥിയെ പരീക്ഷ എഴുതാൻ അനുവദിക്കാൻ പാടില്ലാ ത്തതും പരീക്ഷാമുറിയിൽ നിന്ന് പുറത്താക്കേണ്ടതുമാകുന്നു. വിദ്യാർത്ഥി പുറത്തുപോകുന്നതിനു മുമ്പ് അയാളിൽ നിന്ന് പ്രസ്താ വന എഴുതി വാങ്ങുകയും ഇൻവിജിലേറ്റർ മുഴുവൻ വിശദാംശങ്ങ ളോടെ സ്വാഭിപ്രായ സഹിതം അത് പരീക്ഷാകൺട്രോളർക്ക് കൈമാറേണ്ടതുമാകുന്നു. ഏതെങ്കിലും വിദ്യാർത്ഥി പ്രസ്താവന എഴുതിനൽകാൻ തയ്യാറാകാതെ വന്നാൽ ഇൻവിജിലേറ്റർ ഇക്കാര്യവും രേഖപ്പെടുത്തണം. അതിനുമേൽ അന്വേഷണത്തിന് നടപടിതുടങ്ങേണ്ടത് പരീക്ഷാകൺട്രോളർ ആയിരിക്കും. ആരോ പിക്കപ്പെട്ട ക്രമക്കേട് അന്വേഷിക്കുന്നതിന് മൂന്നംഗങ്ങളിൽ കുറയാത്ത ഒരു സമിതി വൈസ്ചാൻസലർ രൂപികരിക്കും. അംഗങ്ങളെ വൈസ്ചാൻസലർക്ക് നിശ്ചയിക്കാം. സമിതി, കണ്ടെത്തലുകളും ശുപാർശകളുമടങ്ങുന്ന റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം വൈസ്ചാൻസലർക്ക് നൽകണം. വൈസ്ചാ ൻസലർ, നിർവാഹകസമിതിയുടെ അനുമതിയോടെ തീരുമാനം കൈക്കൊള്ളും.

9.2 ഭിന്നശേഷി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സഹായിയെ വെച്ചോ സ്വന്തമായോ പരീക്ഷ എഴുതുന്നതിന് മുപ്പത് (30) മിനിറ്റ് അധികസമയം അനുവദിക്കാവുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ സഹിതം പരീക്ഷാകൺട്രോളർക്ക് അപേക്ഷ മുൻകൂട്ടി നൽകി അനുവാദം വാങ്ങിക്കേണ്ടതാണ്.

9.3 എല്ലാ നടപടിക്രമങ്ങളും വിജയകരമായി പൂർത്തീകരിച്ച് ബിരുദത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ പട്ടിക സർവകലാശാല പ്രഖ്യാപിക്കും. പ്രഖ്യാപനം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ, വിദ്യാർത്ഥി ഏഴു ദിവസത്തിനുള്ളിൽ രേഖാമൂലം പരീക്ഷാകൺട്രോളറെ അറിയിക്കണം. നിർവാഹകസമിതി അന്തിമഫലം അംഗീകരിക്കും. സർവകലാശാല താൽക്കാലിക സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥി നേടിയ ഗ്രേഡിന്റെ ട്രാൻസ്ക്രിപ്റ്റുകളും പ്രഖ്യാപനത്തിന്റെ ഏഴു ദിവസത്തിനുള്ളിൽ നൽകും. മതിയായ കാരണങ്ങൾ കൊണ്ട് ഒരു വിദ്യാർത്ഥിയുടെ ഫലം തടഞ്ഞു വയ്ക്കാൻ സർവകലാശാലയ്ക്ക് അധികാരമുണ്ടായിരിക്കും.

9.4 **മലയാളമാധ്യമം:** തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ എല്ലാ പരീക്ഷകളും പ്രബന്ധങ്ങളും പ്രോജക്ടുകളും മലയാളഭാഷയിൽ മാത്രമെ തയ്യാറാക്കാനും സമർപ്പിക്കാനും അനുവദിക്കുകയുള്ളൂ.

## X. മൂല്യനിർണയം

10.1 എല്ലാ എം.എ. പരിപാടികൾക്കും 30:70 എന്ന അനുപാതത്തിൽ ആഭ്യന്തരമൂല്യനിർണയവും സെമസ്റ്ററന്ത്യ പരീക്ഷയും ഉണ്ടായിരിക്കും. എന്നാൽ 75% ഹാജറിന് തുല്യമായ മാർക്ക് നിർബന്ധമായും നേടിയിരിക്കണം. ആഭ്യന്തരമൂല്യനിർണയത്തിൽ കുറഞ്ഞ മാർക്ക് പ്രത്യേകമായി ഉണ്ടായിരിക്കില്ല. ആഭ്യന്തര പഠനപ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളെ മാത്രമെ സെമസ്റ്ററന്ത്യപരീക്ഷയിൽ പങ്കെടുപ്പിക്കുകയുള്ളൂ. ആഭ്യന്തരപരീക്ഷകളുടെ ഫലം, സർവകലാശാലയ്ക്ക് സമർപ്പിക്കുന്നതിനുമുമ്പ് നിർബന്ധമായും നോട്ടീസ് ബോർഡിൽ (ചുരുങ്ങിയത് സെമസ്റ്ററന്ത്യപരീക്ഷയ്ക്ക് ഏഴുദിവസം മുമ്പ്) പ്രദർശിപ്പിക്കണം.

**10.2 ഇന്റേണൽ അസസ്സ്മെന്റ് ഗ്രേഡിന്റെ വിഭജനം:**

ആഭ്യന്തരപരീക്ഷ (സെമിനാർ അവതരണം, മധ്യസെമസ്റ്റർ പരീക്ഷ, അസൈൻമെന്റ്) എന്നിവ കോഴ്സ് പഠിപ്പിക്കുന്ന അധ്യാപക/ൻ തന്നെ മൂല്യനിർണയം നടത്തണം. നാലു ക്രെഡിറ്റുള്ള ഒരു കോഴ്സിന്റെ ഇന്റേണൽ അസസ്സ്മെന്റിന്റെ ക്രെഡിറ്റ് കണക്കാക്കുമ്പോൾ, ആഭ്യന്തര അസസ്മെന്റും സെമസ്റ്ററന്ത്യ പരീക്ഷയും 30:70 എന്ന അനുപാതത്തിലാണ് പരിഗണിക്കുക. ഓരോ കോഴ്സിന്റെയും ഇന്റേണൽ അസസ്സ് മെന്റിൽ, താഴെപറയും പ്രകാരം നാല് ഘടകങ്ങൾ ഉണ്ടായിരിക്കും.

| | | | |
|---|---|---|---|
| 1. | ഹാജർ (പരമാവധി) | – | 05 |
| 2. | സെമിനാർ അവതരണം (പരമാവധി) | – | 10 |
| 3. | മധ്യസെമസ്റ്റർ പരീക്ഷ (പരമാവധി) | – | 10 |
| 4. | അസൈൻമെന്റ് (പരമാവധി) | – | 05 |

വിദ്യാർത്ഥികളുടെ ഹാജർനിലയുടെ അനുപാതത്തിൽ നൽകാവുന്ന മാർക്കുകൾ താഴെചേർക്കുന്നു.

10.3 **ബാഹ്യമൂല്യനിർണയം:** സെമസ്റ്ററന്ത്യപരീക്ഷയ്ക്ക് ഇരട്ടമൂല്യനിർണയം ഉണ്ടായിരിക്കും. ഉത്തരക്കടലാസ് ആഭ്യന്തരപരിശോധക/നും ബാഹ്യപരിശോധക/നും മൂല്യനിർണയം നടത്തുന്നു.

10.4 രണ്ട് പരിശോധകർ നൽകുന്ന ഗ്രേഡുകൾ തമ്മിലുള്ള വ്യത്യാസം തുടർച്ചയായ രണ്ടു ഗ്രേഡുകളെ അതിക്രമിക്കുന്നില്ലെങ്കിൽ അവയുടെ ശരാശരിയായിരിക്കും ഗ്രേഡ്. എന്നാൽ വ്യത്യാസം തുടർച്ചയായ രണ്ടുഗ്രേഡുകളേക്കാൾ അധികമായാൽ, ആ ഉത്തരക്കടലാസുകൾ മൂന്നാമത് ഒരു പരിശോധകനോ/ ബോർഡ് ചെയർപേഴ്സണോ മൂല്യനിർണയം നടത്തണം. മൂന്നാം പരിശോധകൻ നൽകിയ ഗ്രേഡ് അന്തിമമായിരിക്കും.

10.5 പരാതിപരിഹാരസമിതി: ഇന്റേണൽ അസസ്സ്മെന്റിലുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് ഒരു വകുപ്പുതല പരാതി പരിഹാരസമിതി നിർബന്ധമായും ഉണ്ടായിരിക്കണം. വകുപ്പു മേധാവി, ചാർജിലുള്ള അദ്ധ്യാപക/ൻ, അല്ലെങ്കിൽ വൈസ് ചാൻസലർ ശുപാർശചെയ്യുന്ന മുതിർന്ന അദ്ധ്യാപക/ൻ എന്നിവരടങ്ങിയതായിരിക്കും സമിതി.

10.6 കോഴ്സിനെയും അധ്യാപകരെയും കുറിച്ചുള്ള വിദ്യാർത്ഥികളുടെ മതിപ്പ് (ഫീഡ് ബാക്ക്) വിലയിരുത്തൽ: എല്ലാ സ്കൂൾ ഡയറക്ടർമാരും ഓരോ സെമസ്റ്ററന്ത്യത്തിലും ഓരോ കോഴ്സിനും വിദ്യാർത്ഥികളുടെ മതിപ്പ് (ഫീഡ്ബാക്ക്) സഞ്ചയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിആവശ്യമായ പുനഃപരിശോധനകളും നവീകരണങ്ങളും ഉറപ്പാക്കണം.

## XI. ഗ്രേഡിംഗ് നടപടിക്രമങ്ങൾ

11.1 ഗ്രേഡ് എന്നാൽ, ഒരു കോഴ്സിൽ വിദ്യാർത്ഥിയുടെ വിശാലാർത്ഥത്തിലുള്ള അക്കാദമിക പ്രകടനം സൂചിപ്പിക്കുന്ന അക്ഷര പ്രതീകമാണ്. (O, A+, A, B+, B, C+, C, F, AB)

11.2 ഗ്രേഡ് പോയന്റ്: ഇത് ഒമ്പത് (9) പോയന്റ് ഗ്രേഡിങ് സമ്പ്രദായമാണ്.

ഒമ്പത് (9) പോയന്റ് ഗ്രേഡിങ് സമ്പ്രദായത്തിൽ, ഓരോ അക്ഷരഗ്രേഡും, കോഴ്സിൽ വിദ്യാർത്ഥിയുടെ വിശാലാർത്ഥത്തിലുള്ള അക്കാദമികപ്രകടനം സൂചിപ്പിക്കുന്ന, സംഖ്യാതുല്യമായ ഗ്രേഡ് പോയന്റായി വിലയിരുത്തുന്നു.

**അക്ഷരഗ്രേഡിന്റെ ഗ്രേഡ് പോയന്റ് പരിധി:**

| ഗ്രേഡ് | ഗ്രേഡ് പോയിന്റ് | % മാർക്ക് |
|---|---|---|
| O | 10 | 95 –100% |
| A+ | 9 | 90–94.99% |
| A | 8 | 80–89.99% |
| B+ | 7 | 70–79.99% |
| B | 6 | 60–69.99% |
| C+ | 5 | 50–59.99% |
| C | 4 | 40–49.99% |
| F | 0 | Less than 40 |
| AB | 0 | Absent |

### 11.3 ശരാശരി ഗ്രേഡ് പോയന്റ് (GPA)

ഒരു വിദ്യാർത്ഥിയുടെ ഒരു കോഴ്സിലുള്ള അക്കാദമികപ്രകടനത്തിന്റെ സൂചികയാണ് GPA. കോഴ്സിൽ ലഭിക്കുന്ന ക്രെഡിറ്റ്

പോയന്റുകളുടെ ആകെത്തുകയെ കോഴ്സുകളിലെ ക്രെഡിറ്റുക ളുടെ ആകെത്തുകകൊണ്ടു ഹരിച്ചു കിട്ടുന്നതാണ് ഇത്.

11.4 ഒരു സെമസ്റ്ററിലെ ശരാശരി ഗ്രേഡ് പോയന്റ് (SGPA): ഒരു വിദ്യാർത്ഥി ഒരു സെമസ്റ്ററിൽ വ്യത്യസ്ത കോഴ്സുകളിൽ നേടിയ ക്രെഡിറ്റ് പോയന്റുകളുടെ ആകെത്തുകയെ ആ സെമസ്റ്ററിൽ ആ വിദ്യാർത്ഥി നേടിയ ക്രെഡിറ്റുകളുടെ ആകെ എണ്ണം കൊണ്ടു ഹരിച്ചാൽ കിട്ടുന്ന മൂല്യമാണ് SGPA. ഗ്രേഡ് പോയന്റുകളെ രണ്ടു ദശാംശസ്ഥാനങ്ങളിലേക്ക് ചുരുക്കണം. സെമസ്റ്ററിലെ ശരാശരി ഗ്രേഡ് പോയന്റ് (SGPA) സെമസ്റ്ററന്ത്യത്തിലെ ഒരു വിദ്യാർത്ഥിയുടെ മികച്ച അക്കാദമികപ്രകടനത്തെ നിർണയിക്കുന്നു.

11.5 ശരാശരി കുമിലേറ്റീവ് ഗ്രേഡ് പോയന്റ് (CGPA): ഓരോ സെമസ്റ്ററിന്റെയും അവസാനം ഒരു വിദ്യാർത്ഥി എല്ലാ കോഴ്സുകളിലും കൂടി നേടിയ ക്രെഡിറ്റ് പോയന്റുകളുടെ തുകയെ, അതുവരെ വിദ്യാർത്ഥി നേടിയ ആകെ ക്രെഡിറ്റുകളുടെ എണ്ണം കൊണ്ടു ഹരിച്ചാൽ കിട്ടുന്ന മൂല്യമാകുന്നു CGPA.

11.6 ബിരുദം ലഭിക്കുന്നതിന് ശരാശരി ഗ്രേഡ് പോയന്റ് (C) സി ഗ്രേഡ് വിദ്യാർത്ഥി നേടിയിരിക്കണം.

11.7 ആഭ്യന്തര അസസ്സ്മെന്റിന് പ്രത്യേകം കുറഞ്ഞ മാർക്ക് ഇല്ല എന്നിരിക്കിലും സെമസ്റ്റർ പരീക്ഷ എഴുതുന്നതിന്, ആഭ്യന്തര അസസ്സ്മെന്റിൽ ഹാജർ നിർബന്ധമായിരിക്കും.

11.8 ഓരോ കോഴ്സിനും ജയിക്കാൻ വേണ്ട കുറഞ്ഞ ഗ്രേഡ് (സി) ആണ്. വിദ്യാർത്ഥികളുടെ വിജയപ്പട്ടിക ഓരോസെമസ്റ്റർ പരീക്ഷക്കുശേഷം തയ്യാറാക്കുകയും അടുത്ത സെമസ്റ്റർ പ്രഖ്യാപനത്തിനു മുമ്പ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.

11.9 ഒരു വിദ്യാർത്ഥി ഒരു കോഴ്സിൽ എഫ് (F) ഗ്രേഡ് നേടുകയാണെങ്കിൽ ആ വിദ്യാർത്ഥിക്ക് സെമസ്റ്റർ പ്രൊമോഷൻ അനുവദിക്കുകയും ടി. വിദ്യാർത്ഥി അടുത്ത ബാച്ചിന്റെ കൂടെ ആ കോഴ്സിന്റെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതുമാണ്.

11.10 സെമസ്റ്റർ പരീക്ഷകൾക്ക് ഇപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതല്ല.

## XII. ഗ്രേഡ്കാർഡുകൾ

### 12.1 സെമസ്റ്റർ ഗ്രേഡ് റിപ്പോർട്ട്:

ഓരോ സെമസ്റ്ററിന്റെയും അവസാനം വിദ്യാർത്ഥികൾക്ക് സർവകലാശാല ഒപ്പു വച്ച് ഗ്രേഡ് റിപ്പോർട്ട് നൽകും. ഒരു സെമസ്റ്ററിൽ വിദ്യാർത്ഥി പഠിച്ച ഓരോ കോഴ്സിനും ലഭിച്ച ഗ്രേഡ്, ഗ്രേഡ്പോയന്റ് എന്നിവ ഉൾക്കൊള്ളുന്നതായിരിക്കും ഗ്രേഡ് റിപ്പോർട്ട്. അധികം കോഴ്സുകൾ ഉണ്ടെങ്കിൽ അവയ്ക്കു ലഭിച്ച ഗ്രേഡും ഗ്രേഡ് പോയന്റും അതിന്റെ ക്രെഡിറ്റും ഗ്രേഡ് റിപ്പോർട്ടിൽ ചേർക്കും.

### 12.2. അവസാന ഗ്രേഡ് റിപ്പോർട്ട്:

ഓരോ സെമസ്റ്ററിലെയും ഗ്രേഡ് പോയന്റുകൾ, സെമസ്റ്ററവസാനശരാശരി ഗ്രേഡ്പോയന്റ് (CGPA), എം. എ. പ്രോഗ്രാമിന് വിദ്യാർത്ഥിക്ക് ലഭിച്ച ആകെ, അക്ഷരഗ്രേഡ് പോയിന്റ്, ലഭിച്ച ഗ്രേഡ് പോയന്റിന്റെ ശതമാനം എന്നിവ ഉൾക്കൊള്ളുന്നതാണ്, പ്രോഗ്രാമിന്റെ അവസാനം നൽകുന്ന അവസാന ഗ്രേഡ് റിപ്പോർട്ട്.

## XIII. മറ്റ് പ്രധാന്യകാര്യങ്ങൾ

13.1. എല്ലാ സെമസ്റ്ററുകളിലും ഓരോ വിദ്യാർത്ഥിയും രജിസ്റ്റർ ചെയ്യുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ (സെമസ്റ്റർകാർഡിലുള്ള പ്രസ്താവന), സെമസ്റ്റർ ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ പരീക്ഷാവിഭാഗത്തിൽ നൽകണം.

13.2. ശൂന്യസെമസ്റ്റർ

അനാരോഗ്യം, മറ്റ് ഒഴിവാക്കാനാവാത്ത, യാദൃശ്ചികതകൾ എന്നീ പശ്ചാത്തലങ്ങളിൽ അവസാനസെമസ്റ്റർ പരീക്ഷ എഴുതാൻ കഴിയാതെ പോയാൽ അത് ശൂന്യസെമസ്റ്ററായി പരിഗണിക്കും. ശൂന്യസെമസ്റ്ററിൽ വിദ്യാർത്ഥിക്ക് പഠനം തുടരാതെ തന്നെ പരീക്ഷ മാത്രം എഴുതി സെമസ്റ്റർ പൂർത്തീകരിക്കാൻ സാധിക്കും. ഇപ്രകാരം ശൂന്യസെമസ്റ്ററിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥി അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്നതിനാവശ്യമായ എല്ലാ പഠനപ്രവർത്തനങ്ങളും ചട്ടങ്ങൾ പ്രകാരം നേരത്തേ പൂർത്തീകരിച്ചിരിക്കണം. ശൂന്യസെമസ്റ്ററിൻ കീഴിൽ ഒരവസരം മാത്രമേ ഒരു വിദ്യാർത്ഥിക്ക് നൽകൂ.

13.3. ഒരു വിദ്യാർത്ഥി, ഒരു കോഴ്സ് പൂർത്തീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ നിർവഹിക്കാത്ത സന്ദർഭത്തിൽ (ഹാജരാകായ്മ മൂലം ഇന്റേണൽ പൂർത്തീകരിക്കാതിരിക്കുക/പരിഹരിക്കാവുന്നതിലധികം ഹാജർ കുറവുണ്ടായിരിക്കുക) അയാൾക്ക് നിശ്ചിത സമയത്തിനുള്ളിൽ അടുത്ത ബാച്ചിനോടൊപ്പം, സ്കൂൾ സമിതിയുടെ അനുമതിയോടെ കോഴ്സ് വീണ്ടും എഴുതാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ, സർവകലാശാലയിൽ നിന്ന് മുൻകൂർ രേഖാമൂലം അനുവാദം വാങ്ങിയിരിക്കണം.

13.4. **അവസാനസെമസ്റ്റർ പരീക്ഷ വീണ്ടും എഴുതുന്നത്:**

ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിൽ, ജയിക്കുന്നതിനാവശ്യമായ സി (C) ഗ്രേഡ് നേടാൻ കഴിയാതെ പോയാൽ, അതേ കോഴ്സ് വീണ്ടും പഠിപ്പിക്കുന്ന സന്ദർഭത്തിൽ അവസാന സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ് (അതേ കോഴ്സിൽ). ആഭ്യന്തര മൂല്യനിർണയത്തിലെ ഗ്രേഡ് അതേപടിനില നിൽക്കും. ഒരു കോഴ്സിലെ കുറഞ്ഞഹാജർ ഉണ്ടായിരിക്കുകയും അവസാന സെമസ്റ്റർപരീക്ഷ എഴുതാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക്, സർവകലാശാലയുടെ മുൻകൂർ അനുമതിയോടെ ആ കോഴ്സിൽ അവസാന സെമസ്റ്റർ പരീക്ഷ എഴുതാവുന്നതാണ്.

13.5 **ടോപ്പർ സാക്ഷ്യപത്രം:** പ്രോഗ്രാമുകളിൽ റാങ്കിങ് സമ്പ്രദായം ഇല്ലാത്തതുകൊണ്ടുതന്നെ വിദ്യാർത്ഥികൾക്ക് ആദ്യത്തെ മൂന്നു സ്ഥാനക്കാർക്ക് ടോപ്പർ സാക്ഷ്യപത്രം അനുവദിക്കുന്നതാണ്.

13.6 **ബിരുദം നൽകൽ:** പഠനം പൂർത്തീകരിച്ച് ബിരുദം നേടാൻ അർഹതനേടിയ വിദ്യാർത്ഥികൾക്ക് സർവകലാശാല നിർവാഹകസമിതിയുടെ അംഗീകാരത്തോടെ സർവകലാശാലയുടെ മുദ്രപതിപ്പിച്ച് വൈസ്ചാൻസലർ ഒപ്പിട്ട ബിരുദസർട്ടിഫിക്കറ്റുകൾ നൽകും. ബിരുദം നൽകുന്നതിന്റെ നടപടിക്രമങ്ങൾ അതാതുവർഷങ്ങളിൽ സർവകലാശാല പ്രത്യേകം തീരുമാനിക്കും.

13.7 ഏതെങ്കിലും സന്ദർഭത്തിൽ, ഒരു വിദ്യാർത്ഥിയുടെ ഫലം, ക്രമക്കേട്, തെറ്റ്, കൃത്രിമംകാട്ടൽ, തെറ്റായ നടപടികൾ, മറ്റു കാരണങ്ങൾ എന്നിവ മൂലം നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയാൽ, അത് അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഒരു വിദ്യാർത്ഥിയുടെ ഫലം, ക്രമക്കേട്, തട്ടിപ്പ്, തെറ്റായ നടപടികൾ, മറ്റു

കാരണങ്ങൾ എന്നിവയാൽ നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സർവ കലാശാലക്ക് അത്തരം വിദ്യാർത്ഥികളുടെ ഫലങ്ങൾ തിരുത്തുകയോ, നിർദ്ദിഷ്ടകാലത്തേക്ക് വിദ്യാർത്ഥിയെ സർവകലാശാലാ പരീക്ഷകളിൽ നിന്ന് വിലക്ക് ഏർപ്പെടുത്തുകയോ, വിദ്യാർത്ഥി യുടെ ഫലം റദ്ദാക്കുകയോ തുടങ്ങിയ കാര്യങ്ങൾ വൈസ്ചാൻ സലറുടെ ഉത്തരവിനനുസരിച്ച് നടപ്പാക്കാവുന്നതാണ്.

13.8 എം.എ. പ്രോഗ്രാമുകൾക്ക് ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷ കൾ ഇല്ല.

13.9 കാലാകാലങ്ങളിലെ യു. ജി. സിയുടെ നിർദ്ദേശങ്ങൾ ഈ ചട്ടങ്ങ ൾക്കും ബാധകമായിരിക്കും.

13.10 **പ്രതിബന്ധങ്ങൾ നീക്കം ചെയ്യൽ.**

ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള പ്രതിബന്ധങ്ങൾ ഉയർന്നു വന്നാൽ, വൈസ് ചാൻസലർക്ക്, അവ നീക്കം ചെയ്യുന്നതിനാവശ്യമായ ഉത്തരവു കൾ പുറപ്പെടുവിക്കാവുന്നതും അവ തൊട്ടടുത്ത അക്കാദമിക കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കാവുന്നതുമാണ്.

13.11 എല്ലാ എം. എ. പ്രോഗ്രാമുകളും രണ്ടു വർഷത്തിലൊരിക്കൽ വിലയിരുത്തി പുനഃപരിശോധിച്ച് സമകാലീന വൈജ്ഞാനികത യോടിണക്കി നവീകരിക്കേണ്ടതാണ്.

13.12 ഈ ചട്ടങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ലാത്ത പരീക്ഷാസംബ ന്ധവും അക്കാദമികവുമായ മറ്റു വിഷയങ്ങൾ സർവകലാശാല യഥാസമയം ബന്ധപ്പെട്ട അക്കാദമിക് സമിതികളുടെ/ വൈസ്ചാൻസലറുടെ തീരുമാനങ്ങൾക്ക് വിധേയമായി നടപ്പി ലാക്കുന്നതാണ്.

രജിസ്ട്രാർ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല